28
2022
ജനുവരി
വെള്ളി
മകരം 14

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 228 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-228 പേജ് 4. വില 2.00 രൂപ





02 രാജ്യത്തിന്റെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്നതിൽ കേരളത്തിന്റെ പങ്ക് കരുത്തുറ്റത്: ഗവർണർ

03 റേഷൻ വിതരണം സാധാരണ നിലയിൽ

04 ദിലീപിൻെറ ജാമ്യാപേക്ഷ മാറ്റി; ബുധനാഴ്ച വരെ അറസ്റ്റില്ല

# സംസ്ഥാനത്ത് ഒമിക്രോൺ തരംഗം



സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിനു കാരണം ഒമിക്രോൺ വകഭേദമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കോവിഡ് രോഗികളുടെ സാമ്പിളുകൾ പരിശോധിച്ചതിൽ 94 ശതമാനവും ഒമിക്രോൺ മൂലമാണെന്നു കണ്ടെത്തിയതായി മന്ത്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ആറു ശതമാനം ആളുകളിൽ ഡെൽറ്റ വകഭേദവും കണ്ടെത്തി. വിദേശത്തുനിന്നും മറ്റിടങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തിയവരിൽ നടത്തിയ പരിശോധിയിൽ 80 ശതമാനം പേരിലും ഒമിക്രോണും 20 ശതമാനം പേരിൽ ഡെൽറ്റയുമാണു രോഗകാരണമായ വകഭേദമെന്നു കണ്ടെത്തി.

കോവിഡ് വ്യാപനം വർധിച്ചെങ്കിലും രോഗം സ്ഥിരീകരിച്ച 96.4 ശതമാനം പേരും ഗൃഹപരിചരണത്തിലാണു കഴിയുന്നതെന്നു മന്ത്രി പറഞ്ഞു. ആകെ രോഗികളുടെ 3.6 ശതമാനം പേരെ മാത്രമേ ആശുപത്രികളിൽ പ്രവേശിപ്പിക്കേണ്ടിവന്നിട്ടുള്ളൂ. ഗുരുതര ലക്ഷണങ്ങൾ കുറവായതിനാലാണിത്. ആശുപത്രി ചികിത്സയ്ക്കും തീവ്രപരിചരണത്തിനും നൽകുന്ന അതേ പ്രാധാന്യംതന്നെയാണു ഗൃഹപരിചരണത്തിനും സർക്കാർ നൽകുന്നത്. ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് പ്രത്യേക മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൃത്യമായി പാലിക്കാൻ എല്ലാവരും തയാറാകണം.

രോഗ ലക്ഷണങ്ങളനുസരിച്ചു മൂന്നു വിഭാഗങ്ങളായി തിരിച്ചാണു ചികിത്സാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. കോവിഡ് പോസിറ്റിവായവരും പ്രമേഹം, ചെറിയ ലക്ഷണങ്ങൾ മാത്രമുള്ളവരും പ്രമേഹം, രക്താദിസമ്മർദം തുടങ്ങിയ രോഗങ്ങളില്ലാത്തവരും ഗൃഹപരിചരണത്തിൽ തുടരാവുന്നതാണ്. ഇവർ പ്രദേശത്തെ ആരോഗ്യ വിവരങ്ങൾ തൊട്ടടുത്ത ആരോഗ്യ പ്രവർത്തകരെ കൃത്യമായി അറിയിച്ചിരിക്കണം.

ശക്തമായ പനി, തലവേദന, പേശീവേദന, അനുബന്ധ രോഗങ്ങളുള്ളവർ, ജീവിതശൈലീ രോഗങ്ങളുള്ളവർ തുടങ്ങിയവരെ ബി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവർ ആരോഗ്യ പ്രവർത്തകരുടെ നിർദേശമനുസരിച്ചു മാത്രമേ ഗൃഹപരിചരണത്തിൽ പോകാവൂ. ആശുപത്രികളിലെ കോവിഡ് ഒപി വഴിയോ ടെലി മെഡിസിൻ സംവിധാനമുപയോഗിച്ചോ ഡോക്ടറെ കാണണം. മൂന്നു ദിവസത്തിലധികം നീണ്ടുനിൽക്കുന്ന ശക്തമായ പനിയുണ്ടെങ്കിൽ ആശുപത്രികളിലേക്കു നിർബന്ധമായും പോകണം.

ഗുരുതര രോഗലക്ഷണങ്ങളുള്ളവർ, അവയവമാറ്റത്തിനു വിധേയരായവർ, എച്ച്.ഐ.വി. ബാധിതർ, പ്രതിരോധശേഷി കുറയ്ക്കുന്ന മരുന്നുകൾ ഉപയോഗിക്കുന്നവർ തുടങ്ങിയവർ സി വിഭാഗത്തിലാണ്. ഇവർ ഗൃഹപരിചരണത്തിൽ കഴിയരുത്. കോവിഡ് പോസിറ്റിവായാൽ ഉടൻ ഡോക്ടറെ കണ്ട് സി.എഫ്.എൽ.ടി.സി, സി.എസ്.എൽ.ടി.സി, കോവിഡ് ആശുപത്രികൾ തുടങ്ങിയയിടങ്ങളിൽ ചികിത്സ തേടണം. ഗൃഹപരിചരണത്തിൽ കഴിയുന്നവർ അസ്വസ്ഥതകൾ തോന്നുന്നുണ്ടെങ്കിലോ കണ്ണിൽ ഇരുട്ടു കയറുക, അബോധാവസ്ഥയിലാകുക എന്നിവ അനുഭവപ്പെട്ടാലോ ഡോക്ടറെ കാണണം. പ്രായമായവരും അനുബന്ധരോഗങ്ങളുള്ളവരും കടുത്ത ക്ഷീണം അനുഭവപ്പെടുകയാണെങ്കിൽ അപായ സൂചനയായി കണക്കാക്കി ഡോക്ടറുടെ സേവനം തേടണമെന്നും മന്ത്രി പറഞ്ഞു.


സംസ്ഥാനത്ത് ഐ.സി.യു ഉപയോഗത്തിൽ രണ്ടു ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്നു മന്ത്രി ചൂണ്ടിക്കാട്ടി. 40.5 ശതമാനമാണ് സർക്കാർ ആശുപത്രികളിലെ കോവിഡ്, നോൺ കോവിഡ് രോഗികളുടെ ഐ.സി.യു. ഉപയോഗം. വെന്റിലേറ്ററിന്റെ ഉപയോഗത്തിലും കുറവുണ്ട്. 13.5 ശതമാനം വെന്റിലേറ്ററുകളിൽ മാത്രമേ രോഗികളെ പ്രവേശിപ്പിക്കേണ്ടിവന്നിട്ടുള്ളൂ. സ്വകാര്യ ആശുപത്രികളിലെ ഐ.സി.യുകളിൽ കോവിഡ് രോഗികൾ 8.28 ശതമാനം മാത്രമാണ്. ഇവിടങ്ങളിലെ വെന്റിലേറ്റർ ഉപയോഗം 8.96 ശതമാനം മാത്രവുമാണ്.

കോവിഡുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനും സംസ്ഥാനതല വാർറൂം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ സംസ്ഥാനതലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുകയും മരുന്നുലഭ്യത, ആശുപത്രി കിടക്കകൾ, ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ, ഐ.സി.യു ബെഡുകൾ, ഡാറ്റ ഷെയറിങ്, ഓക്സിജൻ ലഭ്യത തുടങ്ങിയവ ഉറപ്പാക്കാൻ 12 കമ്മിറ്റികളായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമേ ആരോഗ്യ വകുപ്പ് മന്ത്രിയുടെ ഓഫിസ് കേന്ദ്രീകരിച്ച് മോണിറ്ററിങ് സെൽ പ്രവർത്തനം തുടങ്ങി. 0471 2518584 ആണ് സെല്ലിലെ ഫോൺ നമ്പർ. രാവിലെ ഒമ്പതു മുതൽ രാത്രി ഒമ്പതു വരെ സെൽ പ്രവർത്തിക്കും. ദിശയുടെ 25 മണിക്കൂർ കൺട്രോൾ റൂമിലും ജില്ലാ കൺട്രോൾ റൂമിലും ജനങ്ങൾക്ക് ബന്ധപ്പെടാമെന്നും മന്ത്രി അറിയിച്ചു.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളജുകൾ വരെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിക്കും. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫിസർ റാങ്കിലുള്ള ഡോക്ടറായിരിക്കും ജില്ലകളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കിന്റെ നോഡൽ ഓഫിസർ. എല്ലാ ആശുപത്രികളിലും കോവിഡ് ചികിത്സയ്ക്കൊപ്പം നോൺകോവിഡ് ചികിത്സയും കൃത്യമായി നടക്കുന്നുണ്ട്. ചികിത്സാ സൗകര്യങ്ങൾ ഉണ്ടെന്നിരിക്കെ ഏതെങ്കിലും ആശുപത്രിയിൽ രോഗികൾക്ക് ചികിത്സ നിഷേധിച്ചാൽ ഗൗരവമായി കണ്ട് നടപടിയെടുക്കും. സ്വകാര്യ ആശുപത്രികളിലും കോവിഡ് ചികിത്സ ഉറപ്പാക്കണം. സ്വകാര്യ ആശുപത്രികളിലെ 50 ശതമാനം കിടക്കകൾ കോവിഡ് ചികിത്സയ്ക്കു നീക്കിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ ജില്ലകളിലും ഡയാലിസിസ് സൗകര്യം ഉറപ്പാക്കണമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

ഡയാലിസിസ് രോഗികൾക്ക് കോവിഡ് പിടിപെട്ടാൽ അവർ ചികിത്സ തേടിക്കൊണ്ടിരിക്കുന്ന ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. എല്ലാ ജില്ലകളിലും രണ്ട് ആശുപത്രികളിലെങ്കിലും ഡയാലിസിസ് സൗകര്യം ഉണ്ടെന്ന് ഉറപ്പാക്കാൻ ഉദ്യോഗസ്ഥർക്കു നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

## കോഴിക്കോട് ഇരട്ട സ്ഫോടനം: പ്രതികളെ ഹൈക്കോടതി വെറുതെവിട്ടു



കൊച്ചി: കോഴിക്കോട് ഇരട്ട സ്ഫോടനക്കേസിൽ വിചാരണ കോടതി ഇരട്ട ജീവപര്യന്തം തടവിന് ശിക്ഷിച്ച തടിയൻറവിട നസീറിനെയും കൂട്ടുപ്രതി ഷഫാസിനെയും ഹൈക്കോടതി വെറുതെ വിട്ടു. ശിക്ഷ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതികൾ സമർപ്പിച്ച ഹർജി കോടതി അംഗീകരിക്കുകയായിരുന്നു.

കേസിലെ മൂന്നാം പ്രതി അബ്ദുൾ ഹാലിം, ഒൻപതാം പ്രതി അബൂബക്കർ യൂസഫ് എന്നിവരെ വെറുതെ വിട്ട നടപടി ചോദ്യം ചെയ്ത് എൻഐഎ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളിക്കളയുകയും ചെയ്തു.

കേസിൽ യുഎപിഎ അടക്കമുള്ള കുറ്റങ്ങൾ നിലനിൽക്കില്ലെന്നും സ്ഫോടനത്തിന് ഗൂഢാലോചന നടത്തിയെന്ന കണ്ടെത്തൽ തെറ്റാണെന്നുമായിരുന്നു പ്രതികളുടെ വാദം.

2006 മാർച്ച് മൂന്നിനാണ് കോഴിക്കോട് മൊഫ്യൂസൽ ബസ് സ്റ്റാൻഡിലും കെഎസ്ആർടിസി സ്റ്റാൻഡിലും സ്ഫോടനം നടന്നത്. ആദ്യം ലോക്കൽ പോലീസ് അന്വേഷിച്ച കേസ് 2009ലാണ് എൻഐഎ ഏറ്റെടുത്തത്. കേരളത്തിൽ എൻഐഎ അന്വേഷിച്ച ആദ്യ തീവ്രവാദ കേസ് എന്ന പ്രത്യേകയും കോഴിക്കോട് ഇരട്ട സ്ഫോടന ക്കേസിനുണ്ടായിരുന്നു.

## ചിൽഡ്രൻസ് ഹോമിലെ പെൺകുട്ടികളെ കാണാതായ സംഭവം; രണ്ട് യുവാക്കൾ കസ്റ്റഡിയിൽ

കോഴിക്കോട്: വെള്ളിമാടുകുന്ന് ചിൽഡ്രൻസ് ഹോമിൽ നിന്നും ആറ് പെൺകുട്ടികൾ കാണാതായ സംഭവത്തിൽ രണ്ട് യുവാക്കൾ പിടിയിൽ. തൃശൂർ, കൊല്ലം സ്വദേശികളാണ് മടിവാള പോലീസിൻറെ കസ്റ്റഡിയിലായത്. രക്ഷപെടാൻ പെൺകുട്ടികൾക്ക് ബാഹ്യ സഹായം ലഭിച്ചെന്ന് പോലീസ് കണ്ടെത്തിയിരുന്നു.

അതേസമയം, മാടിവാളയിലെ ഹോട്ടലിൽ വച്ച് ആറ് പെൺകുട്ടികളെയും കണ്ടെത്തിയിരുന്നു. ഹോട്ടലിൽ മുറിയെടുക്കാനെത്തിയതായിരുന്നു പെൺകുട്ടികൾ. ഇവരിൽ ഒരാളെ പിടികൂടി. ബാക്കി അഞ്ച് പേർ ഓടി രക്ഷപെട്ടു.

ഹോട്ടൽ ജീവനക്കാരാണ് പെൺകുട്ടിയെ തടഞ്ഞുവച്ച് പോലീസിന് കൈമാറിയത്. മുറിയെടുക്കുന്നതിനായി കുട്ടികളിൽ നിന്നും ജീവനക്കാർ തിരിച്ചറിയൽ രേഖകൾ ചോദിച്ചു. എന്നാൽ അതൊന്നും കൈയിൽ ഉണ്ടായിരുന്നില്ല. ഈ സമയത്ത് ഇവർക്കൊപ്പം രണ്ട് യുവാക്കളും ഉണ്ടായിരുന്നു. ഇവരാണ് ഇപ്പോൾ പിടിയിലായിരിക്കുന്നത്.

ബുധനാഴ്ച വൈകിട്ടാണ് ചിൽഡ്രൻസ് ഹോമിൽ നിന്ന് ആറ് പെൺകുട്ടികളെ കാണാതായത്. കാണാതായ ആറുപേരും കോഴിക്കോട് ജില്ലയിൽ നിന്നുള്ളവരാണ്. ഇവരിൽ രണ്ടുപേർ സഹോദരിമാരാണ്.

സംഭവത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ കേസെടുത്തിരുന്നു. വാർത്തകളുടെ അടിസ്ഥാനത്തിൽ ചെയർമാൻ കെ.വി. മനോജ്കുമാർ സ്വമേധയാണ് കേസെടുത്തത്. അന്വേഷണം ഊർജിതമാക്കാനും സംഭവത്തെക്കുറിച്ച് റിപ്പോർട്ട് നൽകാനും ജില്ലാ പോലീസ് മേധാവിക്ക് നിർദേശം നൽകി. സംഭവം സംബന്ധിച്ച് ജില്ലാ ബാലാവകാശ സംരക്ഷണ ഓഫീസറോട് അടിയന്തര റിപ്പോർട്ട് നൽകാനും കമ്മിഷൻ നിർദേശിച്ചിട്ടുണ്ട്.

## രോഹിണി കോടതി വെടിവയ്പ്പ്; മുഖ്യ ആസൂത്രകൻ പിടിയിൽ

ന്യൂഡൽഹി: ഡൽഹിയിലെ രോഹിണി കോടതി വെടിവയ്പ്പ് കേസിലെ മുഖ്യ ആസൂത്രകനെ പോലീസ് അറസ്റ്റ് ചെയ്തു. ഗുണ്ടാ നേതാവായ ജിതേന്ദർ ഗോഗിയുടെ കൊലപാതകം ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്ത നീരജ് ബവാന സംഘത്തിലെ അംഗത്തെയാണ് പോലീസ് പിടികൂടിയത്.

ഹരിയാനയിലെ റോഹ്തക് ജില്ലക്കാരനായ നവീൻ (31) ആണ് പിടിയിലായത്. ഇയാളിൽ നിന്നും ഒരു പിസ്റ്റൾ, അഞ്ച് കാട്രിഡ്ജുകൾ, ഒരു കാർ എന്നിവ കണ്ടെടുത്തു. നവീനെതിരെ ഡൽഹിയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കൊലപാതക ശ്രമം, കൊള്ളയടിക്കൽ തുടങ്ങിയ കേസുകൾ രജിസ്ട്രർ ചെയ്തിട്ടുണ്ട്.

മുസാഫർനഗർമീററ്റ് റോഡിൽ നവീൻ ഒരാളെ കാണാൻ വരുമെന്ന് പോലീസിന് സൂചന ലഭിച്ചിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ഇയാളെ പിടികൂടാൻ സാധിച്ചത്. 2011ൽ നീരജ് ബവാനിയയോടൊപ്പം ചേർന്ന് നവീൻ, സംഘത്തിലെ ഷാർപ്പ് ഷൂട്ടറാണ്.

സെപ്തംബർ 24 ന് രോഹിണി കോടതിയിൽ ഹാജരാക്കിയ ജിതേന്ദർ

ഗോഗിയെ രണ്ട് പേർ ചേർന്ന് വെടിവെച്ച് കൊലപ്പെടുത്തുകയായിരുന്നു.എന്നാൽ, രണ്ട് കുറ്റവാളികളെ സംഭവസ്ഥലത്ത് വെച്ച് പോലീസ് വെടിവെച്ചുകൊന്നു.

## ഏഴു കോടിയുടെ കള്ളനോട്ട് പിടിച്ചു; വൻ സംഘം അറസ്റ്റിൽ

മുംബൈ: മുംബൈയിൽ വൻ കള്ളനോട്ട് സംഘം അറസ്റ്റിൽ. കള്ളനോട്ട് അച്ചടിച്ചു അന്തർ സംസ്ഥാന തലത്തിൽ വിതരണം ചെയ്തുവന്നിരുന്ന സംഘത്തെയാണ് മുംബൈ പോലീസ് പിടികൂടിയത്.

ഏഴു പർ അറസ്റ്റിലായി. ഏഴു കോടിയുടെ വ്യാജ കറൻസികൾ പിടിച്ചെടുത്തു. രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ മുംബൈ ക്രൈംബ്രാഞ്ച് യൂണിറ്റ് നഗരപ്രാന്തത്തിലെ ദഹിസർ ചെക്ക് പോസ്റ്റിൽ കാർ തടഞ്ഞു നടത്തിയ പരിശോധനയിലാണ് കള്ളനോട്ട് സംഘത്തെ പിടിച്ചത്.

നാലു പേർ കാറിലുണ്ടായിരുന്നു. കാറിൽനിന്ന് 2000 രൂപയുടെ 250 ബണ്ടിൽ കള്ള നോട്ടുകൾ പിടിച്ചെടുത്തു. കാറിലുണ്ടായിരുന്നവരെ ചോദ്യം ചെയ്തതിൽനിന്നു മൂന്നു സഹായികളെക്കുറിച്ചുള്ള വിവരങ്ങൾക്കൂടി ലഭിച്ചു.

തുടർന്ന് സബർബൻ അന്ധേരിയിലെ ഒരു ഹോട്ടലിൽ റെയ്ഡ് നടത്തി മൂന്നു പേരെക്കൂടി പോലീസ് പിടികൂടുകയായിരുന്നു. ഇവരിൽനിന്നു രണ്ടു കോടി രൂപ വിലമതിക്കുന്ന, രണ്ടായിരത്തിൻറെ 100 കെട്ട് നോട്ടുകൂടി കണ്ടെടുത്തതായി ഉദ്യോഗസ്ഥർ അറിയിച്ചു.


കള്ളനോട്ട് കൂടാതെ, ഒരു ലാപ്ടോപ്പ്, ഏഴ് മൊബൈൽ ഫോണുകൾ, 28,170 രൂപയുടെ യഥാർഥ കറൻസികൾ, ആധാർ, പാൻ കാർഡുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ എന്നിവ സംഘത്തിൽ നിന്നു പോലീസ് പിടിച്ചെടുത്തിട്ടുണ്ട്.

## ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ കുറ്റവിമുക്തനാക്കിയ നടപടി; അപ്പീൽ വേഗത്തിലാക്കി പോലീസ്

തിരുവനന്തപുരം: ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ കുറ്റവിമുക്തനാക്കിയ കോടതി വിധിയിൽ അപ്പീൽ നടപടി വേഗത്തിലാക്കി പോലീസ്. അപ്പീൽ നടപടികൾ വേഗത്തിലാക്കാൻ സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് അഡ്വക്കറ്റ് ജനറലിനോട് ആവശ്യപ്പെട്ടു.

കേസുമായി ബന്ധപ്പെട്ട വിവരങ്ങളും അപ്പീൽ നൽകാനുള്ള ശിപാർശയും എജിക്ക് കൈമാറി. കേസിൽ അപ്പീൽ നൽകുന്നതിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറോട് പോലീസ് നിയമോപദേശം തേടിയിരുന്നു.

## മുല്ലപ്പെരിയാർ ഡാമിൽ പുതിയ പരിശോധന വേണമെന്ന് കേന്ദ്ര ജല കമ്മീഷൻ



ന്യൂഡൽഹി: മുല്ലപ്പെരിയാർ ഡാമിൻറെ സുരക്ഷയുമായി ബന്ധപ്പെട്ട് പുതിയ പരിശോധന വേണമെന്ന് കേന്ദ്ര ജല കമ്മീഷൻ സുപ്രീം കോടതിയിൽ. മേൽനോട്ട സമിതി അണകെട്ട് സന്ദർശിച്ച് നടത്തിയ പരിശോധനകളിൽ സുരക്ഷ തൃപ്തികരമാണെന്ന് കണ്ടത്തിയതായും കമ്മീഷൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത തൽസ്ഥിതി റിപ്പോർട്ടിൽ വ്യക്തമാക്കി.

കേന്ദ്ര ജല കമ്മീഷൻ ഡെപ്യൂട്ടി ഡയറക്ടർ രാകേഷ് കുമാർ ഗൗതം ആണ് പുതിയ തൽസ്ഥിതി റിപ്പോർട്ട് ഫയൽ ചെയ്തത്. 2010 2012 കാലഘട്ടത്തിലാണ് ഇതിനുമുമ്പ് ഡാമിൻറെ സുരക്ഷ പരിശോധന ശാസ്ത്രീയമായി നടന്നത്.

ജലകമ്മീഷനും, കേന്ദ്ര സർക്കാരിൻറെ വിവിധ ഏജൻസികളും, വിദഗ്ധരും ചേർന്നാണ് പരിശോധന നടത്തിയത്. ആ പരിശോധനയിൽ ഡാം സുരക്ഷിതമാണെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ ഇതിനുശേഷം സമഗ്രമായ ശാസ്ത്രീയ പരിശോധനകൾ ഒന്നും നടന്നിട്ടില്ല.

സുപ്രീം കോടതി നിയോഗിച്ച മേൽനോട്ട സമിതി ഡാം സന്ദർശിക്കുമ്പോൾ നടത്തിയ പരിശോധനകൾ മാത്രമാണ് നടന്നിട്ടുള്ളത്. ഈ പരിശോധനകളിൽ അണക്കെട്ടിൻറെ സുരക്ഷ തൃപ്തികരമാണെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്നും ജല കമ്മീഷൻ സുപ്രീം കോടതിയെ അറിയിച്ചു.

# രാജ്യത്തിന്റെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്നതിൽ കേരളത്തിന്റെ പങ്ക് കരുത്തുറ്റത്: ഗവർണർ

തിരുവനന്തപുരം: രാജ്യത്തിന്റെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്നതിൽ കേരളത്തിന്റെ പങ്ക് കരുത്തുറ്റതാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ റിപ്പബ്ലിക് ദിന സന്ദേശം നൽകുകയായിരുന്നു ഗവർണർ. അടിസ്ഥാന സൗകര്യ വികസനത്തിലും കണക്റ്റിവിറ്റിയിലും കേരളം വലിയ പുരോഗതി കൈവരിച്ചതായും ഗവർണർ ചൂണ്ടിക്കാട്ടി. ആരോഗ്യ രംഗത്തും സദ്ഭരണ സൂചികയിലും രാജ്യത്തെ മുൻനിര സംസ്ഥാനമാകാൻ കേരളത്തിനു കഴിഞ്ഞു. നിതി ആയോഗിന്റെ ആരോഗ്യ സൂചകങ്ങളിൽ തുടർച്ചയായ നാലാം വർഷവും കേരളം ഒന്നാമതെത്തി.

സദ്ഭരണ സൂചികയിൽ രാജ്യത്തെ അഞ്ചാം സ്ഥാനവും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാമതെത്തിയതും മികച്ച നേട്ടമാണ്. ഭരണത്തിൽ സുതാര്യത ഉറപ്പാക്കാൻ സർക്കാർ സേവനങ്ങൾ ഒറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെയാക്കിയതും കൂടുതൽ മേഖലകളിലേക്ക് ഇ സേവനങ്ങൾ വ്യാപിപ്പിക്കുന്നതും ശ്രദ്ധേയമാണ്. ദേശീയ പാതകളും ജലപാതകളും ഗ്യാസ് പൈപ്പ് ലൈനുകളും കമ്മിഷൻ ചെയ്തതിലൂടെ അടിസ്ഥാന സൗകര്യ, കണക്റ്റിവിറ്റി മേഖലകളിൽ വലിയ പുരോഗതി നേടാനായി. സാക്ഷരതയിലും ആരോഗ്യ മേഖലയിലും സ്കൂൾ വിദ്യാഭ്യാസ രംഗത്തും കേരളം കൈവരിച്ച പുരോഗതിയും മാതൃകകളും ഉന്നത വിദ്യാഭ്യാസ മേഖലയിലും നേടേണ്ടതുണ്ടെന്ന് ഗവർണർ പറഞ്ഞു.

സ്ത്രീധന പീഡനം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ സ്ഥാപിക്കാനുള്ള കേരളത്തിന്റെ തീരുമാനം സ്ത്രീധനം പോലുള്ള ദുരാചാരങ്ങൾ തുടച്ചുനീക്കി ലിംഗനീതി ഉറപ്പാക്കാനുള്ള ശ്രമങ്ങളുടെ പ്രത്യക്ഷ ഉദാഹരണമാണെന്നു ഗവർണർ പറഞ്ഞു.

കോവിഡിന്റെ മൂന്നാം തരംഗം പ്രതിരോധിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു. ജനസംഖ്യയുടെ 80 ശതമാനം പേർക്കു വാക്സിൻ നൽകി ഫലപ്രദമായ വാക്സിനേഷൻ ഡ്രൈവിനു നേതൃത്വം നൽകാൻ കഴിഞ്ഞു. ശിശുമരണ നിരക്ക് ആറിലേക്ക് കുറയ്ക്കാനായതും ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ 7.5 ശതമാനം വാർഷിക കുറവ് രേഖപ്പെടുത്താൻ കഴിഞ്ഞതും കേരളത്തിന്റെ നേട്ടമാണെന്നു ഗവർണർ ചൂണ്ടിക്കാട്ടി.

സെൻട്രൽ സ്റ്റേഡിയത്തിലെ പ്രൗഢമായ ചടങ്ങിൽ രാവിലെ ഒമ്പതിന് ഗവർണർ ദേശീയ പതാക ഉയർത്തി. വായുസേന ഹെലികോപ്റ്റർ പുഷ്പവൃഷ്ടി നടത്തി. തുടർന്ന് അദ്ദേഹം പരേഡ് പരിശോധിച്ചു. കരസേന, വായുസേന, സ്പെഷ്യൽ ആംഡ് പൊലീസ്, തിരുവനന്തപുരം സിറ്റി പൊലീസ് എന്നീ സേനാ വിഭാഗങ്ങളും എൻസിസി സീനിയർ ഡിവിഷൻ(ബോയ്സ്), എൻസിസി സീനിയർ വിങ്(ഗേൾസ്) എന്നിവരും പരേഡിൽ അണിനിരന്നു.

തിരുവനന്തപുരം സിറ്റി പൊലീസിന്റെയും കേരള സായുധ പൊലീസിന്റെയും ബാൻഡ് സംഘവുമുണ്ടായിരുന്നു. വായുസേന സ്ക്വാഡ്രൺ ലീഡർ ആർ രാഹുലായിരുന്നു പരേഡ് കമാൻഡർ. കരസേനാ മേജർ സച്ചിൻ കുമാർ സെക്കൻഡ് ഇൻ കമാൻഡ് ആയി. ധനമന്ത്രി കെ എൻ ബാലഗോപാൽ ചടങ്ങിൽ പങ്കെടുത്തു. ജില്ലയിൽനിന്നുള്ള എംഎൽഎമാർ, ജനപ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ, സൈനിക ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പചക്രം അർപ്പിച്ചശേഷമാണു സെൻട്രൽ സ്റ്റേഡിയത്തിലെ സംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷത്തിൽ പങ്കെടുക്കാൻ ഗവർണർ എത്തിയത്.



തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ദേശീയ പതാക ഉയർത്തുന്നു

## പത്താംതരം, ഹയർസെക്കൻഡറി തുല്യതാ കോഴ്സ് രജിസ്ട്രേഷൻ

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന പത്താംതരം ഹയർസെക്കൻഡറി തുല്യതാ കോഴ്സുകളുടെ പുതിയ ബാച്ചുകളുടെ രജിസ്ട്രേഷൻ ഫെബ്രുവരി ഒന്നു മുതൽ ആരംഭിക്കും.

ഔപചാരികതലത്തിൽ ഏഴാംക്ലാസ് വിജയിച്ചവർക്കും സാക്ഷരതാമിഷന്റെ ഏഴാംതരം തുല്യത വിജയിച്ചവർക്കും പത്താംതരം തുല്യതാകോഴ്സിന് രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ സമയത്ത് 17 വയസ് പൂർത്തിയായിരിക്കണം.

പത്താംതരം തുല്യതയോ, ഔപചാരിക വിദ്യാഭ്യാസത്തിൽ പത്താം ക്ലാസോ വിജയിച്ചവർക്കും ഹയർസെക്കൻഡറി തോറ്റവർക്കും ഹയർസെക്കൻഡറി തുല്യതാകോഴ്സിന് അപേക്ഷിക്കാം. രജിസ്ട്രേഷൻ സമയത്ത് 22 വയസ് പൂർത്തിയായിരിക്കണം. ട്രാൻസ്ജൻഡർ, എസ്.സി, എസ്.ടി. വിഭാഗത്തിലുള്ളവർക്ക് ഫീസിളവുണ്ട്. ഫെബ്രുവരി 28 വരെ ഫൈൻകൂടാതെ അപേക്ഷിക്കാം. അപേക്ഷാ ഫോമും പ്രോസ്പെക്ടസും സാക്ഷരതാമിഷന്റെ വെബ്സൈറ്റിൽ ഫെബ്രുവരി ഒന്നു മുതൽ ലഭ്യമാകും. രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർ സാക്ഷരതാമിഷന്റെ ജില്ലാ ഓഫീസുമായോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രേരക്മാരുമായോ ബന്ധപ്പെടണം.

## റേഷൻ കട ലൈസൻസ്: ഭിന്നശേഷിക്കാർക്ക് സംവരണം ഉറപ്പാക്കണമെന്നു കമ്മിഷൻ ശുപാർശ

സംസ്ഥാനത്ത് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനു കീഴിൽ റേഷൻ കടകൾ അനുവദിക്കുമ്പോൾ ഭിന്നശേഷി അവകാശ നിയമം നിലവിൽ വന്ന 2017 ഏപ്രിൽ 19 മുതലുള്ള നാലു ശതമാനം തൊഴിൽ സംവരണം കണക്കാക്കി വിവിധ ഭിന്നശേഷി വിഭാഗങ്ങൾക്കുകൂടി ലൈസൻസ് അനുവദിക്കുന്നതിനുള്ള ഉത്തരവു പുറപ്പെടുവിക്കണമെന്നു സംസ്ഥാന ഭിന്നശേഷി കമ്മിഷണർ എസ്.എച്ച്. പഞ്ചാപകേശൻ സർക്കാരിനു ശുപാർശ നൽകി. റേഷൻ കടകൾ അനുവദിക്കുമ്പോൾ ഭിന്നശേഷിക്കാർക്ക് യാതൊരു സംവരണവും ഏർപ്പെടുത്തുന്നില്ലെന്നതു ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണു ശുപാർശ.

## കോവിഡ് ധനസഹായം: ക്യാമ്പുകൾ, ഭവനസന്ദർശനത്തിലൂടെയും തുക നൽകാൻ നിർദ്ദേശം

കോവിഡ് ധനസഹായത്തിന് അർഹരായവർക്ക് ജില്ലകളിൽ ക്യാമ്പുകൾ നടത്തിയും ഭവനസന്ദർശനത്തിലൂടെയും രണ്ടു ദിവസത്തിനകം തുക നൽകാൻ ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകി. എളുപ്പത്തിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായകരമായ വിധത്തിൽ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനും ആവശ്യപ്പെട്ടു. നിലവിൽ 36000 അപേക്ഷകളാണ് ധനസഹായത്തിനായി ലഭിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ അവലോകന യോഗം നടന്നു.

കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായ വിതരണവും പുരോഗമിക്കുന്നു. ഇതുവരെ 3794 കുട്ടികളെയാണ് അർഹരായി കണ്ടെത്തിയത്. കുട്ടികളുടെ വിവരം ജില്ലകളിൽ ശേഖരിക്കുകയും കേന്ദ്ര ബാലാവകാശ സംരക്ഷണ കമ്മീഷൻ തയ്യാറാക്കിയ ബാല്സ്വരാജ് പോട്ടർലിൽ രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഒറ്റത്തവണ ധനസഹായമായ മൂന്നു ലക്ഷം രൂപയും പ്രതിമാസ സ്പോൺസർഷിപ്പായ 2000 രൂപയും ചേർത്താണ് ധനസഹായം നൽകുന്നത്. ജില്ലാ കളക്ടർ മഖേന കുട്ടികളുടെ വേരിഫിക്കേഷൻ നടത്തി പി. എം. കെയർ പോർട്ടലിൽ അപ്രൂവൽ രേഖപ്പെടുത്തിയവർക്കാണ് ധനസഹായം നൽകുക. ജില്ലാ കളക്ടർമാർ 101 കുട്ടികളുടെ വേരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

## ആശുപത്രിയിൽ നിന്നും ഇറക്കിവിട്ട യുവതി വഴിയരികിൽ പ്രസവിച്ചു

ഭോപ്പാൽ: കൈക്കൂലി നൽകാൻ പണം കൈവശമില്ലാത്തതിൻറെ പേരിൽ ആശുപത്രിയിൽ നിന്നും ജീവനക്കാർ ഇറക്കി വിട്ട യുവതി പ്രായമാകാത്ത കുഞ്ഞിനെ വഴിയരികിൽ പ്രസവിച്ചു. മധ്യപ്രദേശിൽ ബിന്ദ് ജില്ലാ ആശുപത്രിക്ക് സമീപമാണ് സംഭവം.

ബിന്ദിലെ രാജുപുര സ്വദേശിനിയായ ആറ് മാസം ഗർഭിണിയായ യുവതിയെ ആണ് കഠിനമായ പ്രസവവേദനയെ തുടർന്ന് ഭർത്താവും അമ്മയും ചേർന്ന് ആശുപത്രിയിലേക്ക് കൊണ്ടുപോയത്. എന്നാൽ ആശുപത്രിയിലെ ചികിത്സ ലഭിക്കണമെങ്കിൽ 5,000 രൂപ നൽകണമെന്ന് ജീവനക്കാർ ഇവരെ അറിയിച്ചു.

കൈയിൽ പണമില്ലെന്ന് പറഞ്ഞപ്പോൾ വേറെ എവിടെയെങ്കിലും പോയി അൾട്രാസൗണ്ട് ചെയ്യാൻ ജീവനക്കാർ ഇവരോട് ആവശ്യപ്പെട്ടു. എന്നാൽ ആശുപത്രി വിട്ട ഉടൻതന്നെ യുവതി പ്രസവിക്കുകയായിരുന്നു.

സംഭവത്തിൽ ഇടപെട്ട ജില്ലാ ഭരണകൂടം, അന്വേഷണ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സംഭവത്തെക്കുറിച്ച് അന്വേഷിച്ച് വിശദമായ റിപ്പോർട്ട് നൽകാനാണ് ഇവർക്ക് ലഭിച്ചിരിക്കുന്ന നിർദേശം.

## അധ്യാപകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളത്തിലെ സ്കൂൾ, ഡയറ്റ് അധ്യാപകരിൽ നിന്ന് ഗവേഷണ പ്രോജക്റ്റുകൾ ക്ഷണിച്ചു. പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറി വരെ വിവിധ തലങ്ങളിലെ സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഗവേഷണ പ്രോജക്റ്റുകൾ സമർപ്പിക്കാം. വിശദമായ പ്രോജക്റ്റ് രൂപരേഖയും ആവശ്യമായ സാമ്പത്തിക സഹായവും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രൊപ്പോസലുകൾ സ്കൂൾ മേലധികാരിയുടെ സാക്ഷ്യപ്രതത്തോടെയാണ് സമർപ്പിക്കേണ്ടത്. ഒറ്റയ്ക്കോ ഏതാനും പേർക്ക് കൂട്ടായോ പ്രോജക്റ്റ് ഏറ്റെടുക്കാം. അപേക്ഷകർ വ്യക്തിപരമായ വിവരങ്ങളും അപേക്ഷയോടൊപ്പം സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന പ്രോജക്റ്റുകൾക്ക് സാമ്പത്തിക സഹായവും (പരമാവധി മൂന്ന് ലക്ഷം രൂപ) അക്കാദമിക പിന്തുണയും എസ്.സി.ഇ.ആർ.ടി നൽകും. ഇംഗ്ലീഷിലോ മലയാളത്തിലോ തയാറാക്കിയ അപേക്ഷകൾ ഫെബ്രുവരി 10 ന് മുൻപ് sc-e-trr-e-se-ar-c-h@gm-a-i-l.com ലേക്ക് അയയ്ക്കണം. വിശദാംശങ്ങൾക്ക്: www.sc-er-t.gov.in.

## സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളുടെ വേഷത്തിൽ മതചിഹ്നങ്ങൾ അനുവദിക്കില്ല: സർക്കാർ

കൊച്ചി: കേരളാ പൊലീസിന്റെ കീഴിലുള്ള സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതിയിൽ മതപരമായ വേഷം അനുവദിക്കില്ലെന്ന് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ വ്യക്തമാക്കി. ജെൻഡർ ന്യൂട്രൽ യൂണിഫോമാണ് സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളുടെ വേഷമെന്നും, മതപരമായ ഒരു ചിഹ്നങ്ങളും ഈ യൂണിഫോമിൽ അനുവദിക്കില്ലെന്നും സംസ്ഥാന സർക്കാർ വ്യക്തമാക്കി. ഹിജാബും മുഴുനീളക്കൈയുള്ള ഉടുപ്പും അനുവദിക്കണമെന്ന് കാട്ടി ഒരു വിദ്യാർത്ഥിനി ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഇക്കാര്യം പരിശോധിക്കണമെന്ന് ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ടു. ഇതിനുള്ള മറുപടിയിലാണ് ഹിജാബ് പോലുള്ള മതചിഹ്നങ്ങൾ ഉപയോഗിക്കാനാകില്ലെന്ന് സർക്കാർ ഹൈക്കോടതിക്ക് മുമ്പാകെ അറിയിച്ചത്. നിരവധി മുസ്ലിം വിദ്യാർത്ഥികൾ എസ്പിസിയുടെ ഭാഗമായി പരിശീലനം നേടിയിട്ടുണ്ടെന്നും ഇത്തരമൊരു ആവശ്യം ആരുമുന്നയിച്ചിട്ടില്ലെന്നും ആഭ്യന്തരവകുപ്പ് വ്യക്തമാക്കി. കുറ്റ്യാടി ഹയർ സെക്കന്ററി സ്കൂളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിനിയാണ് ഈ ആവശ്യമുന്നയിച്ച് ഹൈക്കോടതിയെ സമീപിച്ചത്. സ്റ്റുഡന്റ് കേഡറ്റ് യൂണിഫോം ധരിച്ച് നിൽക്കുന്ന ഫോട്ടോ വാട്സാപ്പിലെ സ്കൂൾ ഗ്രൂപ്പിലേക്ക് അയക്കാൻ കുട്ടിയോട് അധ്യാപകർ നിർദേശിച്ചിരുന്നു. എന്നാൽ യൂണിഫോമിനൊപ്പം ഹിജാബും മുഴുക്കൈനീളമുള്ള ഷർട്ടുമാണ് കുട്ടി ധരിച്ചിരുന്നത്. എന്നാലിത് സ്റ്റുഡന്റ് പൊലീസ് കേഡറ്റ് യൂണിഫോമല്ലെന്നും, അനുവദിക്കാനാകില്ലെന്നും, നിഷ്കർഷിച്ച വസ്ത്രം തന്നെ ധരിക്കണമെന്നും കുട്ടിയോട് അധ്യാപകർ ആവശ്യപ്പെട്ടു. ഭരണഘടനയുടെ 25(1) വകുപ്പ് പ്രകാരം ഇഷ്ടമുള്ള വസ്ത്രം ധരിക്കുകയെന്നത് തന്റെ അടിസ്ഥാനപരമായ അവകാശമാണെന്നും, മതപരമായ വസ്ത്രം താൻ ധരിക്കുന്നത് കൊണ്ട് സ്റ്റുഡന്റ് പൊലീസ് കേഡറ്റിന്റെ അച്ചടക്കത്തെയോ മറ്റുള്ളവരുടെ അവകാശത്തെയോ താൻ ഹനിക്കുന്നില്ലെന്നും കാണിച്ചാണ് ഹർജി നൽകിയത്. കുട്ടികളിൽ അച്ചടക്കം, നിയമബോധം, പൗരത്വബോധം, എന്നിവ വളർത്താനായി രൂപീകരിച്ച സ്റ്റുഡന്റ് പൊലീസ് കേഡറ്റ് കേരളാ പൊലീസിന്റെ ഒരു ഉപവിഭാഗമായിത്തന്നെയാണ് പ്രവർത്തിക്കുന്നതെന്നും ആഭ്യന്തരവകുപ്പ് വ്യക്തമാക്കി. കുട്ടികൾക്കിടയിൽ മത, ജാതി, വംശ, ലിംഗ ഭേദമന്യേ ഒരുമയുണ്ടാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് സ്റ്റുഡന്റ് പൊലീസ് കേഡറ്റ്. അതുകൊണ്ട് തന്നെ ഹർജിക്കാരിയുടെ ഈ ആവശ്യം അനുവദിക്കാനാകില്ലെന്നും സംസ്ഥാന സർക്കാർ വ്യക്തമാക്കി. കേരളാ പൊലീസിൽ മതഭേദമന്യേ എല്ലാ ഉദ്യോഗസ്ഥരും ഒരേ യൂണിഫോമാണ് ധരിക്കുന്നത്. അവിടെ മതപരമായ ഒരു ചിഹ്നങ്ങളും അനുവദനീയമല്ല. അതേ സംവിധാനം തന്നെയാണ് സ്റ്റുഡന്റ് പൊലീസ് കേഡറ്റും പിന്തുടരുന്നത്. എൻസിസി, സ്കൗട്ട് കേഡറ്റ് സംവിധാനത്തിലും സമാനമായ രീതിയിൽ ഒരേ യൂണിഫോമാണുള്ളത്. മതപരമായ ചിഹ്നങ്ങൾ അനുവദിക്കാറില്ല. കാക്കി പാന്റ്, കാക്കി ഷർട്ട്, കറുത്ത ഷൂ, കാക്കി സോക്സ്, നീല നിറത്തിലുള്ള ബെറെറ്റ് തൊപ്പി എന്നിങ്ങനെയാണ് സ്റ്റുഡന്റ് പൊലീസ് കേഡറ്റിന്റെ നിലവിലെ യൂണിഫോം. മാത്രമല്ല, പദ്ധതി നടപ്പാക്കിത്തുടങ്ങിയത് മുതൽ ജൻഡർ ന്യൂട്രൽ യൂണിഫോമുകളാണ് എസ്പിസിയിലുള്ളത്. എന്നാൽ എസ്പിസി എന്നത് ഒരു നിർബന്ധിതസേവനം അല്ലെന്നും തീർത്തും വൊളന്റിയായി മാത്രം കുട്ടികൾക്ക് സ്വീകരിക്കാവുന്ന സർവീസാണെന്നും ആഭ്യന്തരവകുപ്പ് ചൂണ്ടിക്കാട്ടുന്നു. ഭരണഘടനയുടെ 19 (2) വകുപ്പ് പ്രകാരം കൃത്യമായ ചട്ടങ്ങൾ പാലിച്ചുകൊണ്ട് തന്നെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സംസ്ഥാനത്തിന് അധികാരമുണ്ടെന്നും സർക്കാർ വ്യക്തമാക്കുന്നു.

## എല്ലാ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ



സംസ്ഥാനത്ത് കോവിഡ് രോഗമുക്തി നേടിയവരിൽ കൂടുതൽ ആരോഗ്യ പ്രശ്നങ്ങൾ കാണുന്നതിനാൽ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ശക്തമാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. പ്രാഥമിക ആരോഗ്യതലം മുതൽ മെഡിക്കൽ കോളേജുകൾ വരെയും സ്വകാര്യ ആശുപത്രികളിലും പോസ്റ്റ് കോവിഡ് സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് അതിതീവ്ര വ്യാപന സമയത്ത് ഏതാണ്ടത്രയും പേർ തന്നെ കോവിഡ് മുക്തരാകാറുണ്ട്. കോവിഡ് മുക്തരായവരിൽ കണ്ടു വരുന്ന വിവിധ തരം രോഗലക്ഷണങ്ങൾ ശ്രദ്ധിച്ചില്ലെങ്കിൽ ഗുരുതരമാകും. കോവിഡ് മുക്തരായ എല്ലാവർക്കും പോസ്റ്റ് കോവിഡ് ക്ലിനിക്കുകളുടെ സേവനം ലഭിക്കത്തക്കവിധമാണ് ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുള്ളതെന്ന് മന്ത്രി വ്യക്തമാക്കി.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ തിങ്കൾ മുതൽ ശനി വരെ ഉച്ചയ്ക്ക് 12 മണി മുതൽ 2 മണി വരെയും ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും എല്ലാ ദിവസവും സ്വകാര്യ ആശുപത്രികളിൽ മാനേജ്മെന്റ് നിശ്ചയിക്കുന്ന ദിവസങ്ങളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിക്കും. കോവിഡ് മുക്തരായവരിൽ അമിത ക്ഷീണം, പേശീവേദന മുതൽ മാരകമായ ഹൃദ്രോഗവും മറ്റ് ജീവിതശൈലീ രോഗങ്ങളും കണ്ടുവരുന്നതായി വിവിധ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്ത് ഇതുവരെ ഏഴ് ലക്ഷത്തിലധികം പേരാണ് പോസ്റ്റ് കോവിഡ് രോഗങ്ങൾക്ക് ചികിത്സ തേടിയത്. ഇതിൽ 53,280 പേരിൽ ശ്വാസകോശം, 8609 പേരിൽ ഹൃദ്രോഗം, 19,842 പേരിൽ പേശീ വേദന, 7671 പേരിൽ ന്യൂറോളജിക്കൽ, 4568 പേരിൽ മാനസികാരോഗ്യം എന്നിവ സംബന്ധിച്ച ലക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 2732 പേരെ വിദഗ്ധ ചികിത്സയ്ക്ക് റഫർ ചെയ്തു. 1294 പേർക്കാണ് കിടത്തി ചികിത്സ ആവശ്യമായി വന്നത്. ഈയൊരു സാഹചര്യം മനസിലാക്കിയാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾക്ക് ആരോഗ്യ വകുപ്പ് പ്രാധാന്യം നൽകുന്നത്.

സംസ്ഥാന, ജില്ലാ, സ്ഥാപന തലങ്ങളിൽ പ്രത്യേക സമിതികളാണ് സർക്കാർ, സ്വകാര്യ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളുടെ നടത്തിപ്പും മേൽനോട്ടവും വഹിക്കുന്നത്. താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ നേരിട്ട് എത്തിയോ ഫോൺ വഴിയോ ഇ സ്ജീവനി ടെലിമെഡിസിൻ സൗകര്യം ഉപയോഗപ്പെടുത്തിയോ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളുടെ സേവനം തേടാം. ജനറൽ മെഡിസിൻ, ഹൃദ്രോഗ വിഭാഗം , റെസ്പിറേറ്ററി മെഡിസിൻ, ന്യൂറോളജി, സൈക്യാട്രി, ശിശുരോഗ വിഭാഗം, ഗൈനക്കോളജി, ഡെർമറ്റോളജി, ഇ.എൻ.ടി., അസ്ഥിരോഗവിഭാഗം, ഫിസിക്കൽ മെഡിസിൻ തുടങ്ങിയ സ്പെഷ്യാലിറ്റി സേവനങ്ങൾ ഇവിടെ ലഭ്യമാകും. ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്നവർക്ക് വ്യായാമ പരിശീലനം, ബോധവത്കരണം, പുകയില ഉപയോഗം നിർത്തുവാനുള്ള വിവിധ സേവനങ്ങൾ ഉൾപ്പെടെയുള്ള പൾമണറി റിഹാബിലിറ്റേഷൻ സേവനങ്ങളും ലഭ്യമാണ്.

## നാല് ജില്ലകൾ കൂടി സി വിഭാഗത്തിൽ

കോവിഡ് ബാധിച്ച് ആശുപത്രികളിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണം അടിസ്ഥാനമാക്കി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകൾ കൂടി കാറ്റഗറി മൂന്നിൽ (സിവിഭാഗം) ഉൾപ്പെടുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന കോവിഡ് അവലോകന യോഗം തീരുമാനിച്ചു. തിരുവനന്തപുരം ജില്ല നേരത്തെ സി കാറ്റഗറിയിൽ ആയിരുന്നു. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ ജില്ലകൾ കാറ്റഗറി രണ്ടിലും, മലപ്പുറം, കോഴിക്കോട് ജില്ലകൾ കാറ്റഗറി ഒന്നിലുമാണ്.

വെള്ളിയാഴ്ച മുതൽ ഈ ജില്ലകളിൽ നേരത്തെ നിശ്ചയിച്ച പ്രകാരമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. കാസർഗോഡ് ജില്ല നിലവിൽ ഒരു കാറ്റഗറിയിലും ഉൾപ്പെട്ടിട്ടില്ല. സെക്രട്ടേറിയറ്റിൽ ഐ.എ.എസ്.

ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കോവിഡ് വാർ റൂം പുനരാരംഭിച്ചു. കോവിഡ് ബെഡ്സ്, ഐ.സി.യു ബെഡ്സ്, വെന്റിലേറ്റർ ഉൾപ്പെടെയുള്ളവയും ഇതിലൂടെ മോണിറ്റർ ചെയ്യും.

കോവിഡ് രോഗികളുടെ എണ്ണം വർദ്ധിക്കുമ്പോൾ ആനുപാതികമായി ആശുപത്രികളിലും തിരക്ക് വർദ്ധിക്കുമെന്നതിനാൽ മുൻകരുതൽ എടുക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. കരുതൽവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പ്രാദേശികമായ ഇടപെടൽ വളരെ പ്രധാനമാണ്. കോവിഡ് ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തണം. ആശുപത്രികളിൽ ചികിത്സയ്ക്ക് മുമ്പ് രോഗലക്ഷണം ഉണ്ടെങ്കിൽ മാത്രം കോവിഡ് പരിശോധന നടത്തിയാൽ മതിയെന്ന ആരോഗ്യ വിദഗ്ധസമിതിയുടെ അഭിപ്രായം യോഗം അംഗീകരിച്ചു. ഡയാലിസിസ് സൗകര്യമുള്ള സ്വകാര്യ ആശുപത്രികളിൽ കോവിഡ് രോഗികൾക്ക് ഡയാലിസിസിന് പ്രത്യേക സംവിധാനമൊരുക്കണമെന്നും മുഖ്യമന്ത്രി യോഗത്തിൽ നിർദേശിച്ചു.

## സെലക്ട് കമ്മിറ്റി അഭിപ്രായം സ്വീകരിക്കും

സംസ്ഥാന ആരോഗ്യ വനിതാശിശു വികസന മന്ത്രി വീണാ ജോർജ്ജ് ചെയർപേഴ്സണും പതിനാല് എം.എൽ.എ.മാർ അംഗങ്ങളുമായിട്ടുള്ള 2021ലെ കേരള പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച് സെലക്ട് കമ്മിറ്റി പൊതുജനങ്ങൾ, ജനപ്രതിനിധികൾ, സംഘടനകൾ, ആരോഗ്യ രംഗത്തെ വിദഗ്ദ്ധർ എന്നിവരിൽ നിന്ന് ബില്ലിലെ വ്യവസ്ഥകളിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കും.

2021ലെ കേരള പൊതുജനാരോഗ്യ ബില്ലും ചോദ്യാവലിയും നിയമസഭാ വെബ്സൈറ്റിൽ (ാാാ.ിശ്യമാമമെയവമ.ീൃഴ) ലഭ്യമാണ്. പ്രസ്തുത ചോദ്യാവലിക്കനുസൃതമായി ബില്ലിലെ വ്യവസ്ഥകളിൻമേലുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഇമെയിലായോ തപാലിലോ സമർപ്പിക്കാം. ഇമെയിൽ: ഹലഴശഹമെശേീ@ശ്യമാമമെയവമ.ിശര.ശി. മേൽവിലാസം: സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം33.

നോട്ടിക്കൽ ടൈംസ്

# ടാലൻറ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ്: അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടി

### സംഗീതം, നൃത്തം, ചിത്രരചന, പെയിൻറിംഗ്, വീഡിയോഗ്രഫി, മിമിക്രി

മേഖലകളിൽ കഴിവുതെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരായ യുവാക്കൾക്ക് അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പാക്കിവരുന്ന ടാലൻറ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് പരിപാടിയിലേക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 10 വരെ ദീർഘിപ്പിച്ചു. കേരള സാമൂഹ്യ സുരക്ഷാ മിഷനും സാമൂഹ്യനീതി വകുപ്പും കേരള ഡെവലപ്പ്മെൻറ് & ഇന്നവേഷൻ സ്ട്രാറ്റെജിക് കൗൺസിലും (കെഡിസ്ക്) സംയുക്തമായാണ് പരിപാടി നടപ്പിലാക്കിവരുന്നത്. 15 നും 40 നും മധ്യേ പ്രായമുള്ള ഭിന്നശേഷിക്കാരായിരിക്കണം അപേക്ഷകർ. അപേക്ഷയോടൊപ്പം പ്രാഗത്ഭ്യമുള്ള മേഖലകളിൽ കഴിവ് തെളിയിച്ചതിനുള്ള രേഖകളും, പ്രായം, ഭിന്നശേഷിയുടെ ശതമാനം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളും സമർപ്പിക്കേണ്ടതാണ്. ഒരു അപേക്ഷകന് പരമാവധി രണ്ടു മേഖലകളിൽ മാത്രമേ അപേക്ഷ സമർപ്പിക്കാവൂ. 201920ൽ നടത്തിയ ടാലൻറ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് പരിപാടിയിൽ പങ്കെടുത്തവർ അപേക്ഷിക്കേണ്ടതില്ല. അപേക്ഷകർ നേരിട്ടോ, രക്ഷിതാക്കൾ, ലീഗൽ ഗാർഡിയൻ, അധ്യാപകർ, കെയർ ടേക്കർമാർ തുടങ്ങിയവർ മുഖാന്തിരമോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ, സാമൂഹ്യ നീതി വകുപ്പ്, കേരള ഡെവലപ്പ്മെൻറ് & ഇന്നവേഷൻ സ്ട്രാറ്റെജിക് കൗൺസിൽ (കെഡിസ്ക്), കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻറ് കോഗിനിറ്റീവ് ന്യൂറോ സയൻസസ് എന്നിവയുടെ ഔദ്യോഗിക വെബ്സൈറ്റുകളിൽ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള

യശ.ഹ്യ/്യശുമേ എന്ന ലിങ്ക് ലഭ്യമാണ്. സമർപ്പിക്കുന്ന രേഖകളുടേയും ഓഡിഷൻറെയും അടിസ്ഥാനത്തിലായിരിക്കും അർഹരായവരെ തെരഞ്ഞെടുക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക് അനുയാത്ര കാൾ സെന്ററുമായി 1800 1201001 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# സംസ്ഥാനത്ത് ഏഴ് ലക്ഷത്തിലധികം കാർഡുടമകൾ വ്യാഴാഴ്ച റേഷൻ വിഹിതം കൈപ്പറ്റി: മന്ത്രി ജി.ആർ അനിൽ

സംസ്ഥാനത്തെ റേഷൻ വിതരണം തകരാറിലായി എന്നത് വ്യാജ പ്രചരമാണെന്നും വ്യാഴാഴ്ച ഏഴു ലക്ഷത്തിലധികം കാർഡുടമകൾ റേഷൻ വിഹിതം കൈപ്പറ്റിയെന്നും ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ പറഞ്ഞു.

റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ജനുവരി 13 മുതൽ നടപ്പിലാക്കിയിരുന്ന സമയക്രമീകരണം പൂർണ്ണമായി പിൻവലിച്ച് 27 മുതൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും രാവിലെ 8.30 മുതൽ 12.30 വരെയും വൈകുന്നേരം 3.30 മുതൽ 6.30 വരെയും പ്രവർത്തിക്കുന്നു. റേഷൻ വിതരണത്തിനുള്ള സാങ്കേതിക സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിച്ചു വരുന്നതായി നാഷണൽ ഇൻഫർമാറ്റിക്ക് സെന്ററും (എൻ.ഐ.സി) സ്റ്റേറ്റ് ഐ.റ്റി മിഷനും പരിശോധന നടത്തി ഉറപ്പുവരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഒരു ദിവസം റേഷൻ വിഹിതം കൈപ്പറ്റുന്ന കാർഡ് ഉടമകളുടെ ശരാശരി എണ്ണം 3.5 ലക്ഷത്തിനും നാല് ലക്ഷത്തിനും ഇടയിലാണ്. ഇന്നലെ (ജനുവരി 27) 7,21,341 പേർ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്. റേഷൻ കൈപ്പറ്റിയവരുടെ എണ്ണത്തിൽ ഇത് സമീപകാല റെക്കോഡാണ്. റേഷൻ വിതരണത്തിൽ ഇപ്പോഴും പ്രശ്നങ്ങൾ ഉണ്ടെന്ന് വരുത്തി തീർക്കാൻ ചിലർ ശ്രമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. റേഷൻ വിതരണത്തിന് തടസ്സമുണ്ടെന്ന തരത്തിലുള്ള പ്രചരണം നടത്തി കാർഡുടമകളെ റേഷൻ വാങ്ങുന്നതിൽ നിന്നും നിരുൽസാഹപ്പെടുത്തുന്ന സമീപനമാണ് ഇവർ സ്വീകരിക്കുന്നത്. ഇത്തരം വ്യാജപ്രചരണങ്ങളിൽ വീണുപോകാതെ എല്ലാ കാർഡുടമകളും റേഷൻ വിഹിതം വാങ്ങണം.

വ്യാഴാഴ്ച റേഷൻ വിഹിതം കൈപ്പറ്റിയവരുടെ എണ്ണം മാത്രം എടുത്താൽത്തന്നെ ഇത്തരം പ്രചാരണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് വ്യക്തമാകും. സംസ്ഥാനത്തെ ഏതെങ്കിലും റേഷൻ കടയിൽ നെറ്റ്വർക്ക് സംബന്ധമായ തടസ്സം കൊണ്ട് റെഷൻ വിതരണത്തിൽ വേഗതകുറവ് ഉണ്ടായിട്ടുണ്ടാവാം. എന്നാൽ അത്തരം വിഷയത്തെ പർവ്വതീകരിച്ച് പൊതുവിതരണം മുഴുവൻ തടസ്സപ്പെട്ടിരിക്കുന്നു എന്ന തരത്തിലുള്ള പ്രചാരണം ഖേദകരമാണ്.

ഇത്തരം പ്രചരണങ്ങൾ ജനങ്ങൾക്കിടയിൽ ആശങ്ക പരത്തുമെന്നതിനാൽ വസ്തുത പരിശോധിച്ച് ഇക്കാര്യത്തിലുള്ള സത്യാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

ജനുവരി മാസത്തെ റേഷൻ വിഹിതം കൈപ്പറ്റുന്നതിന് മൂന്ന് പ്രവർത്തി ദിവസങ്ങളാണ് അവേശഷിക്കുന്നത്. എല്ലാ കാർഡുടമകളും ഈ ദിവസങ്ങൾ പ്രയോജനപ്പെടുത്തി റേഷൻ വിഹിതം കൈപ്പറ്റണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

# കോവിഡ് പ്രതിരോധം: പ്രാദേശിക ഇടപെടൽ ശക്തിപ്പെടുത്തും

തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ് വ്യാപനം നടക്കുന്ന സാഹചര്യത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രാദേശിക ഇടപെടൽ ശക്തിപ്പെടുത്തണമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം വി ഗോവിന്ദൻ നിർദേശിച്ചു.

മുഖ്യമന്ത്രി വിളിച്ചുചേർത്ത കോവിഡ് അവലോകന യോഗത്തിന്റെ തീരുമാനങ്ങൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളും നടപ്പിലാക്കുന്നു എന്നുറപ്പ് വരുത്തുമെന്നും മന്ത്രി വ്യക്തമാക്കി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് പ്രദേശത്തെ കോവിഡ് വ്യാപനം സംബന്ധിച്ച് ആഴ്ചയിൽ ഒരുദിവസം മോണിറ്ററിങ് നടത്തണം. കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബത്തിനുള്ള എക്സ്ഗ്രേഷ്യ ധനസഹായം അർഹതപ്പെട്ടവർക്കെല്ലാം ലഭ്യമാക്കുന്നതിന് ജനപ്രതിനിധികൾ മുൻകൈയെടുക്കണം.

ഇനിയും അപേക്ഷകൾ നൽകാത്തവരുടെ അപേക്ഷകൾ ശേഖരിച്ച് അനന്തര നടപടിക്രമങ്ങൾക്കായി സമർപ്പിക്കുകയും അവയിൽ തുടർ ഇടപെടലുകൾ നടത്തുകയും വേണമെന്ന് മന്ത്രി നിർദേശിച്ചു.

മിക്കവാറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർറൂമും റാപ്പിഡ് റെൺസ്പോൺസ് ടീമുകളേയും പുനഃസംഘടിപ്പിച്ചിട്ടുണ്ട്. അവ ഇതുവരെ സജ്ജമാക്കാത്ത തദ്ദേശ സ്ഥാപനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം.

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും വാർഡുതല ജാഗ്രതാ സമിതികളുടെ യോഗങ്ങൾ ആഴ്ചയിൽ ഒരു ദിവസം ചേരണം. സി കാറ്റഗറി ജില്ലകളിൽ വാർഡുതല ജാഗ്രതാ സമിതികൾ ആഴ്ചയിൽ രണ്ട് തവണയെങ്കിലും ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തണം.

സിഎഫ്എൽടിസി, ഡിഡിസികൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ മിക്കവാറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പാടാക്കിയിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഏർപ്പാടാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് നേരത്തെ ഉണ്ടായിരുന്ന കമ്മ്യൂണിറ്റി കിച്ചനുകൾ കോവിഡ് രൂക്ഷത കുറഞ്ഞ കാലയളവിൽ നിർത്തലാക്കിയിരുന്നു. ഇപ്പോഴത്തെ കോവിഡ് വ്യാപനം കണക്കിലെടുത്ത് കമ്മ്യൂണിറ്റി കിച്ചണോ, ജനകീയ ഹോട്ടലുകളോ മുഖേന രോഗികൾക്ക് ഭക്ഷണം എത്തിക്കാനുള്ള ഫലപ്രദമായ ഇടപെടൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും നടത്തണമെന്നും മന്ത്രി അറിയിച്ചു.

# മിസൈൽ പരീക്ഷണം ആവർത്തിച്ച് ഉത്തരകൊറിയ



സോൾ: ഉത്തരകൊറിയ രണ്ട് ക്രൂസ് മിസൈലുകൾ പരീക്ഷിച്ചതായി സംശയം പ്രകടിപ്പിച്ച് ദക്ഷിണകൊറിയ. ഈ മാസം ആദ്യമാണ് പരീക്ഷണം നടത്തിയതെന്നാണ് ദക്ഷിണകൊറിയയുടെ വാദം.

ആണവായുധ പദ്ധതിയെച്ചൊല്ലി ഉത്തരകൊറിയ്ക്ക് മേലുള്ള യുഎസ് നേതൃത്വത്തിലുള്ള ഉപരോധ നടപടികളുൾപ്പെടെയുള്ള നീക്കങ്ങളിൽ ബൈഡൻ ഭരണകൂടത്തിനുള്ള മുന്നറിയിപ്പായാണ് ഉത്തരകൊറിയയുടെ അതിവേഗത്തിലുള്ള ആയുധപരീക്ഷണങ്ങളെ വിദ!ഗ്!!ധർ വിലയിരുത്തുന്നത്. കോവിഡിനും കടുത്ത ഭക്ഷ്യ ക്ഷാമങ്ങൾക്കുമിടെ ഉത്തരകൊറിയ ആയുധം വികസിപ്പിക്കുന്ന പരീക്ഷണങ്ങൾ വർധിപ്പിച്ചിരുന്നു. എന്നാൽ മിസൈൽ പരീക്ഷണത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ദക്ഷിണകൊറിയ പുറത്തുവിട്ടിട്ടില്ല.

ഉത്തരകൊറിയയുടെ ആവർത്തിച്ചുള്ള മിസൈൽ പരീക്ഷണങ്ങൾ ഖേദകരമാണെന്ന് ജപ്പാൻ പ്രധാനമന്ത്രി ഫുമിയോ കിഷിദ പ്രതികരിച്ചു. ജാപ്പനീസ് തീരത്ത് കപ്പലുകൾക്കും വിമാനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചതായി ഇതുവരെ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ലെന്നും അദേഹം കൂട്ടിച്ചേർത്തു. ജനുവരിയിൽ മാത്രം നാലുതവണയാണ് ഉത്തരകൊറിയ കടലിലേക്ക് ബാലിസ്റ്റിക് മിസൈലുകൾ വിക്ഷേപിച്ച് പരീക്ഷണം നടത്തിയത്.ആണവ സ്ഫോടകവസ്തുക്കളുടെയും ദീർഘദൂര മിസൈലുകളുടേയും പരീക്ഷണങ്ങൾ പുനരാരംഭിക്കാനൊരുങ്ങുകയാണെന്ന് ഉത്തരകൊറിയ ജനുവരി 20 ന് പ്രസ്താവിച്ചിരുന്നു.

യുഎസിന്റെ നിരന്തരമുള്ള ഭീഷണിയും ശത്രുതാപരമായ നീക്കങ്ങളുമാണ് നിർത്തി വെച്ച എല്ലാ പരീക്ഷണങ്ങളും വീണ്ടും ആരംഭിക്കുന്നതിന്റെ കാരണമായി ഉത്തരകൊറിയ പറയുന്നത്.

ജനുവരിയിൽ നാലോളം മിസൈൽ പരീക്ഷണങ്ങൾ നടത്തിയ ഉത്തരകൊറിയയുടെ നടപടിയിൽ പ്രതിഷേധിച്ച് ജോ ബൈഡൻ ഭരണകൂടം അഞ്ച് ഉത്തരകൊറിയൻ ഉദ്യോഗസ്ഥർക്കെതിരെ ഉപരോധം ഏർപ്പെടുത്തിയിരുന്നു. കൂടാതെ ഉത്തരകൊറിയയ്ക്ക് മേൽ പുതിയ ഉപരോധം ഏർപ്പെടുത്താൻ ഐക്യരാഷ്ട്ര സഭയോടും യുഎസ് ആവശ്യപ്പെട്ടിരുന്നു.

# പട്ടികവർഗ വിദ്യാർഥികൾക്ക് അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് പരീക്ഷ

സംസ്ഥാന പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കീം പ്രകാരമുള്ള സ്കോളർഷിപ്പിന് തെരഞ്ഞെടുക്കുന്നതിനായി നാലിൽ പഠിക്കുന്ന സംസ്ഥാനത്തെ പട്ടികവർഗ വിദ്യാർഥികൾക്കായി മാർച്ച് 12ന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ വൈകിട്ട് നാല് മണി വരെ വിവിധ ജില്ലകളിൽ മത്സര പരീക്ഷ നടത്തും. കേരളത്തിലെ പട്ടികവർഗ വിഭാഗത്തിൽ മാത്രം ഉൾപ്പെടുന്നവരും, വാർഷിക കുടുംബ വരുമാനം 50,000 രൂപയിൽ കവിയാത്തവരുമായ വിദ്യാർഥികൾക്ക് പ്രസ്തുത മത്സര പരീക്ഷയിൽ പങ്കെടുക്കാം. പ്രത്യേക ദുർബല ഗോത്രവർഗത്തിൽപ്പെടുന്നവർക്ക് വരുമാന പരിധി ബാധകമല്ല.

പരീക്ഷയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര്, രക്ഷിതാവിന്റെ പേര്, മേൽവിലാസം, സമുദായം, കുടുംബ വാർഷിക വരുമാനം, വയസ്സ്, ആൺകുട്ടിയോ, പെൺകുട്ടിയോ എന്ന വിവരം, പഠിക്കുന്ന ക്ലാസും, സ്കൂളിന്റെ പേരും വിലാസവും തുടങ്ങിയ വിവരങ്ങൾ അടങ്ങിയ അപേക്ഷ സ്കൂൾ മേധാവിയുടെ സാക്ഷ്യപ്പെടുത്തൽ സഹിതം പഠിക്കുന്ന ജില്ലയിലെ സംയോജിത പട്ടിക വർഗ വികസന പ്രോജക്ട് ഓഫീസ് / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ ഫെബ്രുവരി 21നകം ലഭ്യമാക്കണം. അപേക്ഷയോടൊപ്പം ജാതി/ വരുമാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല. സംസ്ഥാന തലത്തിൽ ആകെ 200 വിദ്യാർഥികളെയാണ് തെരഞ്ഞെടുക്കുന്നത്. മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർ സ്കോളർഷിപ്പ് കൈപ്പറ്റുന്നതിന് മുമ്പ് തങ്ങളുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകളുടെ അസ്സൽ ബന്ധപ്പെട്ട സംയോജിത പട്ടികവർഗ വികസന പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുമ്പാകെ ഹാജരാക്കണം.

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്

മാർച്ചിൽ ആരംഭിക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് (സി.ഓ.ഇ സ്കീം) നിശ്ചിത തീയതിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാതിരുന്നവർക്ക് ഫൈനോടുകൂടി ഈ മാസം 31 വരെ അപേക്ഷിക്കാം. അപേക്ഷാഫോം ബന്ധപ്പെട്ട ഗവ: ഐ ടി ഐ കളിലു wwww.det.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കും.

## ഇന്റർവ്യൂ റദ്ദാക്കി

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദിവസ വേതന അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിയമിക്കുന്നതിന് ജനുവരി 29ന് നടത്താൻ തീരുമാനിച്ചിരുന്ന വാക്ക് ഇൻ ഇന്റർവ്യൂ റദ്ദാക്കിയതായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

# എസ്. എസ്. എൽ. സി, ഹയർസെക്കൻഡറി: എഴുത്തു പരീക്ഷ ആദ്യം നടത്തും

### പരീക്ഷയ്ക്ക് മുമ്പ് പാഠഭാഗങ്ങൾ തീർക്കും

എസ്. എസ്. എൽ. സി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗങ്ങളിലെ എഴുത്തു പരീക്ഷ ആദ്യം നടത്തുമെന്നും അതിനു ശേഷമാവും പ്രാക്ടിക്കൽ പരീക്ഷയെന്നും വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. പ്രാക്ടിക്കൽ പരീക്ഷ ആദ്യം നടത്താനായിരുന്നു നേരത്തെ നിശ്ചയിച്ചിരുന്നത്. കോവിഡ് പോസിറ്റീവ് ആകുന്ന കുട്ടികൾക്ക് പരീക്ഷ എഴുതാൻ പ്രത്യേക മുറി അനുവദിക്കും. പത്ത്, പ്ളസ് വൺ, പ്ളസ് ടു പരീക്ഷകൾക്ക് മുമ്പ് പാഠഭാഗങ്ങൾ തീർക്കുമെന്നും മന്ത്രി പറഞ്ഞു. ഓരോ സ്കൂളിലെയും സാഹചര്യം അനുസരിച്ച് മോഡൽ പരീക്ഷ നടത്തും. ഹയർസെക്കൻഡറി ഇംപ്രൂവ്മെന്റ്, സപ്ളിമെന്ററി പരീക്ഷകൾ 31ന് ആരംഭിക്കും. പൊതുപരീക്ഷയ്ക്ക് 60 ശതമാനം ഫോക്കസ് ഏര്യയിൽ നിന്ന് 70 ശതമാനം ചോദ്യങ്ങൾക്കാണ് ഉത്തരം എഴുതേണ്ടത്. നോൺ ഫോക്കസ് ഏര്യയിൽ നിന്ന് 30 ശതമാനം ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ഇന്റേണൽ, പ്രാക്ടിക്കൽ മാർക്കുകളും വിദ്യാർത്ഥികളുടെ ഗ്രേഡ് നിശ്ചയിക്കാൻ പരിഗണിക്കും. ഒൻപതാം ക്ളാസ് വരെയുള്ള ഓൺലൈൻ ക്ളാസുകൾ ശക്തിപ്പെടുത്തും. എട്ടു മുതൽ പ്ളസ് ടു വരെ ക്ളാസുകളിൽ ജിസ്യൂട്ട് വഴി ഓൺലൈൻ ക്ളാസ് നടത്തും. ഓൺലൈൻ ക്ളാസുകളിൽ ഹാജർ രേഖപ്പെടുത്തും. ജനുവരി 25 വരെയുള്ള കണക്കുകൾ അനുസരിച്ച് 80 ശതമാനം കുട്ടികൾക്ക് വാക്സിനേഷൻ നടത്തി. ഹയർ സെക്കൻഡറി വിഭാഗത്തിൽ 60.99 ശതമാനം കുട്ടികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽ 80 ശതമാനം പേർക്കും വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ 66.24 ശതമാനം കുട്ടികൾക്കുമാണ് വാക്സിൻ നൽകിയത്. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഓഫീസുകൾ കേന്ദ്രീകരിച്ചു നടത്താനിരുന്ന ഫയൽ അദാലത്ത് ഫെബ്രുവരിയിൽ നടത്തും. ഇതിൽ തീർപ്പാക്കുന്ന ഫയലുകളിൽ പരാതിയുള്ളവർക്ക് വിദ്യാഭ്യാസ ഡയറക്ട്രേറ്റിൽ രൂപീകരിക്കുന്ന അപ്പീൽ സെല്ലിൽ പരാതി നൽകാമെന്ന് മന്ത്രി പറഞ്ഞു.

# റേഷൻ വിതരണം സാധാരണ നിലയിൽ: ഉപഭോക്താക്കളുടെ എണ്ണത്തിൽ റെക്കോഡ് വർധന

സംസ്ഥാനത്ത് റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ജനുവരി 13 മുതൽ നടപ്പിലാക്കിയ സമയക്രമീകരണം പൂർണ്ണമായി പിൻവലിച്ചു. വ്യാഴാഴ്ച സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും രാവിലെ 8.30 മുതൽ പ്രവർത്തിച്ചു. റേഷൻ വിതരണത്തിനുള്ള സാങ്കേതിക സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതായി നാഷണൽ ഇൻഫർമാറ്റിക് സെന്ററും ഐ.ടി മിഷനും പരിശോധന നടത്തി ഉറപ്പു വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ദിവസം റേഷൻ വിഹിതം കൈപ്പറ്റുന്ന കാർഡ് ഉടമകളുടെ ശരാശരി എണ്ണം മൂന്നര ലക്ഷത്തിനും നാലു ലക്ഷത്തിനും ഇടയിലാണ്. വ്യാഴാഴ്ച ഉച്ചയ്ക്ക് 12.30 വരെ സംസ്ഥാനത്തെ 3,60,225 പേർ റേഷൻ വിഹിതം കൈപ്പറ്റി. റേഷൻ കൈപ്പറ്റിയവരുടെ എണ്ണത്തിൽ ഇത് സമീപകാല റെക്കോഡാണെന്ന് ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ അറിയിച്ചു. എന്നാൽ റേഷൻ വിതരണത്തിൽ ഇപ്പോഴും പ്രശ്നങ്ങൾ ഉണ്ടെന്ന് വരുത്താൻ ചിലർ ശ്രമിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈപ്പറ്റിയവരുടെ എണ്ണം മാത്രം എടുത്താൽ തന്നെ ഇത്തരം പ്രചരണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് വ്യക്തമാകും. സംസ്ഥാനത്തെ ഏതെങ്കിലും കടയിൽ നെറ്റ് വർക്ക് സംബന്ധമായ തടസ്സം കൊണ്ട് റേഷൻ വിതരണത്തിൽ വേഗതകുറവ് ഉണ്ടായതിനെ പർവ്വതീകരിച്ച് സംസ്ഥാനത്തെ വിതരണം മുഴുവൻ തടസ്സപ്പെട്ടിരിക്കുന്നു എന്ന തരത്തിലുള്ള പ്രചാരണം ഖേദകരമാണെന്ന് മന്ത്രി പറഞ്ഞു. ഇത്തരം പ്രചരണങ്ങൾ ജനങ്ങൾക്കിടയിൽ ആശങ്ക പരത്തുമെന്നതിനാൽ വസ്തുത പരിശോധിച്ച് സത്യാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്താൻ മാധ്യമങ്ങൾ തയ്യാറാകണമെന്നും മന്ത്രി അറിയിച്ചു.

## ആദിവാസി യുവാവിന്റെ കൊലപാതകം: സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കാൻ നിർദേശം

പാലക്കാട് മുക്കാലിയിൽ ആദിവാസി യുവാവ് മധുവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിൽ പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ അടിയന്തരമായി നിയമിക്കാൻ നിയമ വകുപ്പ് സെക്രട്ടറിക്കു സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മിഷൻ നിർദേശം നൽകി. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ കോടതിയിൽ ഹാജരാകാത്തതിനാൽ കേസ് തീർപ്പാക്കുന്നതിനു കാലതാമസമുണ്ടാകുന്നെന്ന മാധ്യമ വാർത്തകളുടേയും കമ്മിഷനു ലഭിച്ച പരാതികളുടേയും അടിസ്ഥാനത്തിലാണു നിർദേശം.

# ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ ഉപരി പഠനത്തിന് സ്കോളർഷിപ്പ്

ഉന്നത പഠന നിലവാരം പുലർത്തുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിൽ മെഡിക്കൽ, എൻജിനിയറിങ്, പ്യൂവർസയൻസ്, അഗ്രികൾച്ചർ, സോഷ്യൽ സയൻസ്, നിയമം, മാനേജ്മെന്റ് വിഷയങ്ങളിൽ അണ്ടർ ഗ്രാജ്വേറ്റ്/ പോസ്റ്റ് ഗ്രാജ്വേറ്റ്/ പി.എച്ച്.ഡി കോഴ്സുകൾക്ക് ഉപരിപഠനം നടത്തുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അർഹത. അർഹരായ ന്യൂനപക്ഷ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി സ്കോളർഷിപ്പ് നൽകും.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് തുക. ഒറ്റത്തവണ മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ. ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക റാങ്കിങ്ങ് പ്രകാരമുള്ള ആദ്യ 600 യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നേടുന്ന വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 14. വലാസം: ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം33. അപേക്ഷാ ഫോമിന്റെ മാതൃകയും യോഗ്യതാ മാനദണ്ഡങ്ങളും ഉൾപ്പെടുന്ന വിജ്ഞാപനവും ൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക www.minortiywelfare.kerala.gov.in ˚: 04712300524.

# പട്ടികജാതി പട്ടികഗോത്രവർഗ കമ്മിഷൻ റിപ്പോർട്ട് തേടി

പത്തനംതിട്ട റാന്നി താലൂക്കിലെ പഴവങ്ങാടി പഞ്ചായത്തിലെ വട്ടാർക്കയത്ത് പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളെ ജാതിയമായി അധിക്ഷേപിക്കുകയും വീട് വയ്ക്കാൻ കൊണ്ടുവന്ന സാധനങ്ങൾ നശിപ്പിക്കുകയും ചെയ്തെന്ന പരാതിയിലും ഇതു സംബന്ധിച്ച് പരാതി നൽകാനെത്തിയവരോടു റാന്നി സർക്കിൾ ഇൻസ്പെക്ടർ മോശമായി പെരുമാറിയെന്ന പരാതിയിലും പത്തനംതിട്ട ജില്ലാ കളക്ടർ, ജില്ലാ പൊലീസ് മേധാവി എന്നിവരോടു സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മിഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു. മൂന്നു ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്നാണു നിർദേശം.

## ഓറിയന്റേഷൻ ക്ലാസും സെമിനാറും നടത്തി

പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്ക് നിയമസേവനം നൽകുന്നതിൽ നിയമവിദ്യാർഥികൾക്ക് വലിയ പങ്ക് വഹിക്കാനുണ്ടെന്നും അതിനു നിയമവിദ്യാർഥികൾ സ്വയമേവ മുന്നോട്ട് വരണമെന്നും റിപ്പബ്ലിക് ദിനത്തിൽ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയും കേരള ലോ അക്കാദമി കോളേജിലെ ലീഗൽ എയ്ഡ് ക്ലിനിക്കും സംയുക്തമായി ഓൺലൈനിൽ നടത്തിയ ഓറിയന്റേഷൻ ക്ലാസ് ഉദ്ഘാടനം ചെയ്ത് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയും സബ്ജഡ്ജുമായ കെ. വിദ്യാധരൻ പറഞ്ഞു. ലോ അക്കാദമി പ്രൊഫസ്സർ മനോജ് കൃഷ്ണ 'മൗലികാവകാശങ്ങളും മൗലികകടമകളും ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ' എന്ന വിഷയത്തിൽ സംസാരിച്ചു.

ലോ അക്കാദമി അസ്സോസിയേറ്റ് പ്രൊഫസ്സർ ജി. അനിൽകുമാർ സ്വാഗതവും അസിസ്റ്റന്റ് പ്രൊഫസ്സർ ആര്യ സുനിൽ പോൾ നന്ദിയും പറഞ്ഞു. സെമിനാർ 28ന് സമാപിക്കും.

NAUTICAL TIMES
KERALA
Thiruvananthapuram
RNI.Reg,No. KERBIL/2018/77391
2022 JANUARY 28 FRIDAY




'സൗര' പുരപ്പുറ സൗരോർജ പദ്ധതിയുടെ നിർവഹണത്തിൽ ഏർപ്പെട്ട ഡെവലപ്പർമാർക്ക് വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി സബ്സിഡി തുക കൈമാറുന്നു

# സംസ്ഥാനത്ത് 51,739 കോവിഡ് ബാധിതർ കൂടി; ടിപിആർ 44.6

തിരുവനന്തപുരം: സംസ്ഥാനത്ത് 51,739 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു എറണാകുളം 9708, തിരുവനന്തപുരം 7675, കോഴിക്കോട് 5001, കൊല്ലം 4511, തൃശൂർ 3934, കോട്ടയം 3834, പാലക്കാട് 3356, മലപ്പുറം 2855, ആലപ്പുഴ 2291, കണ്ണൂർ 2152, പത്തനംതിട്ട 2063, ഇടുക്കി 1986, വയനാട് 1344, കാസർഗോഡ് 1029 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,16,003 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള അഞ്ച് തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി ആറ് വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,68,717 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,57,490 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 11,227 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1301 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 3,09,489 കോവിഡ് കേസുകളിൽ, 3.6 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 11 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 57 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 85 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 52,434 ആയി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 237 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 47,490 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 3548 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 464 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 42,653 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 5814, കൊല്ലം 2940, പത്തനംതിട്ട 548, ആലപ്പുഴ 1264, കോട്ടയം 3275, ഇടുക്കി 616, എറണാകുളം 12,102, തൃശൂർ 4989, പാലക്കാട് 1895, മലപ്പുറം 1897, കോഴിക്കോട് 4012, വയനാട് 810, കണ്ണൂർ 1973, കാസർഗോഡ് 517 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 3,09,489 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 54,63,960 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## 'സൗര' പദ്ധതി നിർവഹിച്ച ഡെവലപ്പർമാർക്ക് സബ്സിഡി കൈമാറി

സൗരോർജ് ഉത്പാദനം വർധിപ്പിക്കുന്നതിനായുള്ള സർക്കാർ പദ്ധതിയായ 'സൗര' പുരപ്പുറ സൗരോർജ പദ്ധതിയുടെ നിർവഹണത്തിൽ ഏർപ്പെട്ട ഡെവലപ്പർമാർക്ക് സബ്സിഡി തുക കൈമാറി. വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി തുക വിതരണം ചെയ്തു. ആദ്യ ഘട്ട പദ്ധതി നിർവഹിച്ച ഹൈവ് സോളാർ, കോണ്ടാസ് ഓട്ടോമേഷൻ എന്നീ ഡെവലപ്പർമാർ മന്ത്രിയിൽ നിന്നു സബ്സിഡി രേഖകൾ ഏറ്റുവാങ്ങി.

കേന്ദ്ര നവ പുനരുപയോഗ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെയാണു സൗര പദ്ധതി നടപ്പാക്കുന്നത്. മന്ത്രാലയം നിശ്ചയിച്ചിരിക്കുന്ന ബെഞ്ച്മാർക്ക് കോസ്റ്റിന്റെ അടിസ്ഥാനത്തിലാണു സബ്സിഡി നൽകുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 1.952 മെഗാ വാട്ട് സൗര സ്ഥാപിത ശേഷിയുടെ 507 സൗര നിലയങ്ങളാണു പൂർത്തിയായത്. ഇതിന്റെ നിർമാണവുമായി ബന്ധപ്പെട്ട ഡെവലപ്പർമാർക്കാണു സബ്സിഡി തുക കൈമാറിയത്.

ഗാർഹിക ഉപയോക്താക്കൾക്കുള്ള സൗരോർജ നിലയ സബ്സിഡി പദ്ധതിയിൽ ഇതുവരെ 4.169 മെഗാവാട്ട് ശേഷിയുടെ 1018 നിലയങ്ങളുടെ നിർമാണം പൂർത്തിയായിട്ടുണ്ട്.

## സത്യം ജയിച്ചു: തടിയൻറവിട നസീറിൻെറ പിതാവ്

കൊച്ചി: കോഴിക്കോട് ഇരട്ട സ്ഫോടന കേസിൽ തടിയൻറവിട നസീറിനെ വെറുതെ വിട്ട ഹൈക്കോടതി വിധിയിൽ പ്രതികരണവുമായി പിതാവ് മജീദ്. സത്യം ജയിച്ചെന്ന് മജീദ് പറഞ്ഞു.

വലിയ അപമാനമാണ് കേസിൽ നേരിട്ടത്. തങ്ങളെ പൊതുസമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തി. കേസിൽ മറ്റ് മക്കളെയും ഉൾപ്പെടുത്തി. തെറ്റുകാരനാണെങ്കിൽ നസീർ ശിക്ഷിക്കപ്പെടണമെന്ന് കരുതിയിരുന്നു. എൻഐഎ സുപ്രീം കോടതിയെ സമീപിച്ചാലും അവിടെയും സത്യം തെളിയുമെന്നും മജീദ് പറഞ്ഞു.

വിചാരണ കോടതി ഇരട്ട ജീവപര്യന്തം തടവിന് ശിക്ഷിച്ച തടിയൻറവിട നസീറിനെയും കൂട്ടുപ്രതി ഷഫാസിനെയുമാണ് ഹൈക്കോടതി വെറുതെ വിട്ടത്. ശിക്ഷ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതികൾ സമർപ്പിച്ച ഹർജി കോടതി അംഗീകരിക്കുകയായിരുന്നു.

കേസിലെ മൂന്നാം പ്രതി അബ്ദുൾ ഹാലിം, ഒൻപതാം പ്രതി അബൂബക്കർ യൂസഫ് എന്നിവരെ വെറുതെ വിട്ട നടപടി ചോദ്യം ചെയ്ത് എൻഐഎ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളിക്കളയുകയും ചെയ്തു.

കേസിൽ യുഎപിഎ അടക്കമുള്ള കുറ്റങ്ങൾ നിലനിൽക്കില്ലെന്നും സ്ഫോടനത്തിന് ഗൂഢാലോചന നടത്തിയെന്ന കണ്ടെത്തൽ തെറ്റാണെന്നുമായിരുന്നു പ്രതികളുടെ വാദം.

2006 മാർച്ച് മൂന്നിനാണ് കോഴിക്കോട് മൊഫ്യൂസൽ ബസ് സ്റ്റാൻഡിലും കെഎസ്ആർടിസി സ്റ്റാൻഡിലും സ്ഫോടനം നടന്നത്. ആദ്യം ലോക്കൽ പോലീസ് അന്വേഷിച്ച കേസ് 2009ലാണ് എൻഐഎ ഏറ്റെടുത്തത്. കേരളത്തിൽ എൻഐഎ അന്വേഷിച്ച ആദ്യ തീവ്രവാദ കേസ് എന്ന പ്രത്യേകയും കോഴിക്കോട് ഇരട്ട സ്ഫോടനക്കേസിനുണ്ടായിരുന്നു.

## ദിലീപിൻെറ ജാമ്യാപേക്ഷ മാറ്റി; ബുധനാഴ്ച വരെ അറസ്റ്റില്ല

കൊച്ചി: പോലീസ് ഉദ്യോഗസ്ഥരെ അപായപ്പെടുത്താൻ ഗൂഢാലോചന നടത്തിയെന്ന കേസിൽ നടൻ ദിലീപ് ഉൾപ്പടെയുള്ള പ്രതികൾ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി ബുധനാഴ്ചത്തേക്ക് മാറ്റി.

പ്രോസിക്യൂഷൻ ആവശ്യം പരിഗണിച്ചാണ് കോടതി നടപടി. ഇതോടെ പ്രതികളെ ബുധനാഴ്ച വരെ അറസ്റ്റ് ചെയ്യരുതെന്നും കോടതി നിർദ്ദേശിച്ചു.

പ്രതികളെ ചോദ്യം ചെയ്തതിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ അന്വേഷണം നടത്തി തെളിവുകൾ ശേഖരിക്കുന്നതിന് വേണ്ടിയാണ് പ്രോസിക്യൂഷൻ സമയം നീട്ടി ചോദിച്ചത്.

ബുധനാഴ്ചയ്ക്കകം കൂടുതൽ ശക്തമായ തെളിവുകൾ കണ്ടെത്തി കോടതിക്ക് കൈമാറാനാണ് അന്വേഷണ സംഘത്തിൻറെ നീക്കം. ഇതു മുന്നിൽ കണ്ടാണ് ഹർജി പരിഗണിക്കുന്നത് നീട്ടണമെന്ന് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടത്.

നേരത്തെ കോടതി അനുമതി പ്രകാരം മൂന്ന് ദിവസം ക്രൈംബ്രാഞ്ച് സംഘം പ്രതികളെ ചോദ്യം ചെയ്തിരുന്നു. ഒറ്റയ്ക്കിരുത്തിയും ഒരുമിച്ചിരുത്തിയും നടത്തിയ ചോദ്യം ചെയ്യലിൽ പ്രതികളുടെ മൊഴികളിൽ പൊരുത്തക്കേടുകൾ ഉണ്ടെന്നാണ് അന്വേഷണ സംഘത്തിൻറെ കണ്ടെത്തൽ. ഉപയോഗിച്ചിരുന്ന ഫോൺ ഹാജരാക്കാൻ അന്വേഷണ സംഘം ആവശ്യപ്പെട്ടെങ്കിലും പ്രതികൾ തയാറായിരുന്നില്ല.



## പീഡനത്തിനിരായ പെൺകുട്ടിക്ക് സ്ത്രീകളുടെ മർദനം; തലമുണ്ഡനം ചെയ്ത് നടത്തിച്ചു

ന്യൂഡൽഹി: പീഡനത്തിന് ഇരയായ പെൺകുട്ടിയെ അയൽവാസികളായ ഒരുകൂട്ടം സ്ത്രീകൾ ചേർന്ന് പരസ്യമായി ആക്രമിക്കുന്ന ദൃശ്യങ്ങൾ പുറത്ത്. കിഴക്കൻ ഡെൽഹിയിലെ ഷാഹ്ദറയിലാണ് ഞെട്ടിക്കുന്ന സംഭവം അരങ്ങേറിയത്.

പെൺകുട്ടിയെ വീട്ടിൽ നിന്ന് വിളിച്ചിറക്കിക്കൊണ്ടുപോയ സ്ത്രീകൾ മുടി മുറിക്കുകയും മുഖത്ത് കരിഓയിൽ ഒഴിക്കുകയും ആക്രമിക്കുകയും ചെയ്തു. സ്ത്രീകൾ ഈ പെൺകുട്ടിയെ മർദിക്കുന്നതിൻറെയും ചെരിപ്പുമാലയിട്ട് റോഡിലൂടെ നടത്തിക്കുകയും ചെയ്യുന്നതിൻറെ വീഡിയോ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്.

കസ്തൂർബ നഗറിൽ അനധികൃതമായി മദ്യവിൽപ്പന നടത്തുന്ന ഒരു സംഘമാളുകളാണ് പെൺകുട്ടിയെ പീഡിപ്പിച്ചത്. സംഭവത്തിൽ ഇടപെട്ട ഡൽഹി വനിതാ കമ്മീഷൻ അധ്യക്ഷ സ്വാതി മാലിവാൾ പീഡനത്തിന് ഇരയായ പെൺകുട്ടിയെ സന്ദർശിച്ചു.

സംഭവത്തിൽ പ്രതികളായ സ്ത്രീകളെയും പുരുഷന്മാരെയും അറസ്റ്റ് ചെയ്യുമെന്നും യുവതിക്കും കുടുംബത്തിനും സുരക്ഷ നൽകണമെന്നും വനിതാ കമ്മീഷൻ അധ്യക്ഷ ആവശ്യപ്പെട്ടു. തന്നെ മൂന്ന് പേർ ചേർന്നാണ് പീഡിപ്പിച്ചതെന്ന് പെൺകുട്ടി സ്വാതി മാലിവാളിനോടു പറഞ്ഞു. സംഭവസമയം അവിടെയുണ്ടായിരുന്ന ഒരു സ്ത്രീ തന്നെ പീഡിപ്പിക്കാൻ പ്രതികളോട് ആവശ്യപ്പെട്ടുവെന്നും പെൺകുട്ടി പറഞ്ഞു.

പെൺകുട്ടിക്ക് സുരക്ഷ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയിക്കാൻ വനിതാ കമ്മീഷൻ അധ്യക്ഷ ഡൽഹി പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംഭവത്തിൻറെ മുഴുവൻ സിസിടിവി ദൃശ്യങ്ങളും സഹിതം കമ്മീഷനിൽ വിശദമായ നടപടി റിപ്പോർട്ട് സമർപ്പിക്കാൻ ഡൽഹി പോലീസിന് 72 മണിക്കൂർ സമയം അനുവദിച്ചിട്ടുണ്ട്.

## മുതിർന്ന ക്ലാസുകാർക്ക് ഓഫ് ലൈൻ പഠനം തന്നെയെന്ന് സർക്കാർ

തിരുവനന്തപുരം: പത്ത്, ഹയർ സെക്കൻഡറി ക്ലാസുകൾ ഓഫ് ലൈനായി തന്നെ തുടരുമെന്ന് വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി അറിയിച്ചു. ഒൻപതാം ക്ലാസ് വരെയുള്ള വിദ്യാർഥികളുടെ ഓൺലൈൻ പഠനം കൂടുതൽ ശക്തമാക്കും.

ഓൺലൈൻ ക്ലാസുകളിലും ഹാജർ രേഖപ്പെടുത്തും. മുതിർന്ന ക്ലാസുകളും ഓൺലൈൻ പഠന രീതിയിലേക്ക് മാറ്റുന്നതിന് സജ്ജമാണ്. സാഹചര്യത്തിനനുസരിച്ച് സർക്കാർ തീരുമാനമെടുക്കുമെന്നും അദ്ദേഹം അറിയിച്ചു.

പത്ത്, ഹയർ സെക്കൻഡറി ക്ലാസുകളുടെ പാഠഭാഗങ്ങൾ സമയബന്ധിതമായി തന്നെ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കൻഡറി ഇംപ്രൂവ്മെൻറ് പരീക്ഷ ജനുവരി 29ന് തന്നെ ആരംഭിക്കും.

പരീക്ഷ എഴുതേണ്ട കുട്ടികളിൽ കോവിഡ് ബാധിതരുണ്ടെങ്കിൽ അവർക്കായി സ്കൂളുകളിൽ പ്രത്യേക മുറി സജ്ജമാക്കണം. ഹയർ സെക്കൻഡറി എഴുത്ത് പരീക്ഷയ്ക്ക് ശേഷമാകും പ്രാക്ടിക്കൽ പരീക്ഷ നടത്തുകയെന്നും മന്ത്രി പറഞ്ഞു.

പാഠഭാഗത്തിൻറെ എല്ലാ ഭാഗത്തു നിന്നും പരീക്ഷയ്ക്ക് ചോദ്യങ്ങളുണ്ടാകും. ഫോക്കസ് മേഖലയുടെ പുറത്തു നിന്നും 30 ശതമാനം ചോദ്യം ഉൾപ്പെടുത്തുമെന്നും ഇക്കാര്യത്തിൽ മാറ്റമില്ലെന്നും വി.ശിവൻകുട്ടി വ്യക്തമാക്കി.

## ഒമിക്രോൺ അവസാനത്തേത് അല്ല, കൂടുതൽ വകഭേദങ്ങൾ ഉണ്ടായേക്കും

ജനീവ: ഒമിക്രോൺ വകഭേദത്തോടുകൂടി കോവിഡ് മഹാമാരി അവസാനിക്കുമെന്ന ചിന്താഗതി തെറ്റാണെന്ന് ലോകാരോഗ്യസംഘടന. കരുതിയിരുന്നില്ലെങ്കിൽ ഇനിയും കോവിഡ് വകഭേദങ്ങളും ഉപവകഭേദങ്ങളും ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്ന് ലോകാരോഗ്യസംഘടനാ മേധാവി ടെഡ്രോസ് അഥാനോം ഗബ്രിയേസസ് പറഞ്ഞു. ചില നിർണായക നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞാൽ ഈ വർഷം തന്നെ മഹാമാരിയെ പിടിച്ചുകെട്ടാൻ നമുക്ക് കഴിഞ്ഞേക്കുമെന്നും ലോകാരോഗ്യസംഘടനയുടെ എക്സിക്യൂട്ടീവ് ബോർഡ് യോഗത്തിലാണ് ഗബ്രിയേസസിന്റെ പരാമർശം. പുകയില ഉല്പന്നങ്ങളുടെ ഉപയോഗം കുറഞ്ഞു. സൂക്ഷ്മാണുക്കൾ മൂലമുള്ള രോഗങ്ങളോട് പ്രതിരോധശക്തി കൈവരിച്ചു തുടങ്ങിയ നേട്ടങ്ങൾ ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടെങ്കിലും മഹാമാരി അവസാനിക്കാറായി എന്നു പറയാറായിട്ടില്ല, അദ്ദേഹം പറഞ്ഞു. ഓരോ രാജ്യങ്ങളും ആകെ ജനസംഖ്യയുടെ 70 ശതമാനം പേരും മുഴുവൻ ഡോസ് കോവിഡ് വാക്സിനും എടുത്തുവെന്ന് ഉറപ്പുവരുത്തിയാൽ മഹാമാരിയെ ഒരു പരിധിവരെ പിടിച്ചുനിർത്താൻ കഴിഞ്ഞേക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ലോകരാജ്യങ്ങൾ ലോകാരോഗ്യസംഘടനയ്ക്ക് നൽകുന്ന സംഭാവനകൾ വർധിപ്പിച്ചില്ലെങ്കിൽ സംഘടനയുടെ പ്രവർത്തനങ്ങൾ തകരാറിലാകുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

## സൈക്കോളജിസ്റ്റ് നിയമനം: അപേക്ഷ ക്ഷണിച്ചു

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ, വനിത ശിശുവികസന വകുപ്പിന്റെ സഹായത്തോടെ, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ഹോമിലേക്ക് സൈക്കോളജിസ്റ്റ് (പാർട്ട് ടൈം) തസ്തികയിൽ സ്ത്രീ ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഫെബ്രുവരി 10ന് വൈകുന്നേരം അഞ്ചിനകം ലഭിക്കത്തക്ക വിധത്തിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കണം. എം.എസ്സി/ എം.എ (സൈക്കോളജി), ഒരു വർഷത്തെ പ്രവൃത്തി പരിചയം ആണ് യോഗ്യത. 23 വയസിനും 45 വയസിവും ഇടയിലാവണം പ്രായം. പ്രതിമാസം 12,000 രൂപ വേതനം. വിശദവിവരങ്ങൾക്ക്: 04712348666, k-er-a-l-a-sam-a-k-hy-a@gm-a-i-l.com, www.k-er-a-l-a-sam-a-k-hy-a.or-g.

## ലീഗൽ കൗൺസിലറെ നിയമിക്കുന്നു

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ, വനിത ശിശുവികസന വകുപ്പിന്റെ സഹായത്തോടെ, ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ഹോമിലേക്ക് ലീഗൽ കൗൺസിലർ (പാർട്ട് ടൈം) തസ്തികയിൽ സ്ത്രീ ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഫെബ്രുവരി 10ന് വൈകുന്നേരം അഞ്ചിന് മുമ്പ് ലഭിക്കത്തക്ക വിധത്തിൽ അയയ്ക്കണം. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിലാണ് അപേക്ഷിക്കേണ്ടത്. എൽ.എൽ.ബി യും അഭിഭാഷക പരിചയവും ആണ് യോഗ്യത. 23നും 45നുമിടയിലാവണം പ്രായം. പ്രതിമാസം 10,000 രൂപ വേതനം. വിശദവിവരങ്ങൾക്ക്: 04712348666,

## രക്തസാക്ഷിദിനം: രണ്ടു മിനിട്ട് മൗനം ആചരിക്കണം

ഗാന്ധിജിയുടെ 74ാമത് രക്തസാക്ഷിത്വ വാർഷികമായ ജനുവരി 30 ന് രാവിലെ 11 ന് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് വീരമൃത്യുവരിച്ചവരെ അനുസ്മരിച്ച് രണ്ടു മിനിട്ട് മൗനം ആചരിക്കുന്നതിന് എല്ലാ വകുപ്പുമേധാവികളും ജില്ലാ കളക്ടർമാരും പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികളും അവരുടെ ഓഫീസുകളിലും നിയന്ത്രണത്തിലുള്ള ഓഫീസുകളിലും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

## തീയതി നീട്ടി

പാലക്കാട് ഗവ. മെഡിക്കൽ കോളേജിൽ (ഐ.ഐ.എം.എസ്) ഡയറക്ടർ തസ്തികയിൽ നിയമനത്തിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ, എം.ബി.ബി.എസ്, മെഡിക്കൽ പോസ്റ്റ് ഗ്രാജുവേഷനുമുള്ള 15 വർഷത്തിൽ കുറയാത്ത മെഡിക്കൽ കോളേജ് അധ്യാപന പരിചയമുള്ളവർ, ഗവൺമെന്റ് സർവീസിൽ കുറഞ്ഞത് 15 വർഷത്തെ പ്രവൃത്തി പരിചയമുള്ളതും എം.ബി.ബി.എസ് ഡിഗ്രിയുള്ളതുമായ മാനേജ്മെന്റ് വിദഗ്ധർ എന്നിവരിൽ നിന്ന് അന്യത്ര സേവന വ്യവസ്ഥയിലോ കരാർ വ്യവസ്ഥയിലോ നിയമനം നടത്തുന്നതിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഫെബ്രുവരി രണ്ടുവരെ ദീർഘിപ്പിച്ചു. നിശ്ചിത യോഗ്യതയുള്ളവർ ൂ്ഹലൈര്യ.രെ ററ@സല്യമഹമ.ഴീ.ശി ലോ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം695 001 എന്ന വിലാസത്തിൽ നേരിട്ടോ ഫെബ്രുവരി രണ്ടിന് വൈകിട്ട് അഞ്ചിനു മുമ്പ് അപേക്ഷ സമർപ്പിക്കണം.



നിയമസഭാ വളപ്പിലെ ദേശീയ നേതാക്കളുടെ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.